# വ്യാപാരകേരളം

വ്യാപാര-വ്യവസായ കേരളത്തിന്റെ ഓൺലൈൻ മുഖമാസിക

ലക്കം 5 | പേജുകൾ 20 | ഓഗസ്റ്റ് 2019




മുഖചിത്രം ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, ചെറുതുരുത്തി



**മലയാളത്തിന്റെ പ്രിയ കവി ആറ്റൂർ രവിവർമ്മക്ക് പ്രണാമം**


ഓഫീസ്:

**വ്യാപാരകേരളം.കോം**

(ഓൺലൈൻ മാസിക)

പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

മാഗസിൻ എഡിറ്റർ:
**സി. ആർ. രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
**റയൻ ജോസഫ്**




മൂന്ന് പുതിയ പംക്തികൾക്ക് ഈ ലക്കം തുടക്കം കുറിക്കുന്നു. സാഹിത്യ-സാംസ്കാരിക രംഗം അവലോകനം ചെയ്യുന്ന **'എഴുത്തും കുത്തും'**, കായിക വാർത്തകൾക്കായി **'മൈതാനം'**, വെള്ളിത്തിരയിലെ പുതുമകൾ പരിചയപ്പെടുത്തുന്ന **'സിനിമ'** എന്നിവയാണ് പുതിയ പംക്തികൾ. റിഥം ഓഫ് ലൈഫ്, ഒറ്റ ചോദ്യം, മഷിനോട്ടം എന്നീ പംക്തികൾ തുടരും.

ഇതോടെ വ്യാപാരകേരളം മാസികയുടെ നിരീക്ഷണപ്രതലം കൂടുതൽ വിപുലമാക്കപ്പെടുകയാണ്. കലാ-കായിക സാഹിത്യാദി മേഖലകളിലെ പുതുപ്രവണതകൾ ഇനി മാസികയിൽ വായിക്കാം.

സംഗീതാത്മക ചലനം ജീവിതചക്രത്തിനു പ്രാപ്യമാകുന്നതിന്റെ നേർകാഴ്ചകളാണ് തേജശ്രീയുടെ 'റിഥം ഓഫ് ലൈഫ്' പംക്തി. ലോകശ്രദ്ധയാകർഷിച്ച ഡിസ്നിയുടെ 'ദി ലയൺ കിംഗ്' എന്ന അനിമേഷൻ ചിത്രത്തിന്റെ വിശേഷങ്ങളാണ് ഈ ലക്കത്തിൽ തേജശ്രീ പങ്കുവെക്കുന്നത്. പ്രളയദുരിതത്തിന് ഒരാണ്ടു തികയുന്ന വേളയിൽ, പ്രളയാനന്തര നവകേരള നിർമിതി എങ്ങനെയെന്ന് വിലയിരുത്തുന്നത് പ്രശസ്ത പത്രപ്രവർത്തകനായ ശ്രീ. ഫ്രാങ്കോ ലൂയിസാണ്. യൂണിയൻ ബജറ്റിലെ NBFCകൾക്കുള്ള കുരുക്കുകളാണ് പ്രമുഖ സാമ്പത്തിക നിരീക്ഷകനായ ശ്രീ. രാജേഷ് കുമാർ കെ. പിള്ള ഈ ലക്കത്തിൽ വിശദമാക്കുന്നത്.

കേരളക്കരയുടെ പ്രഥമ വരുമാന സ്രോതസായ പ്രവാസികളെ, ചില രാഷ്ട്രീയ-ബ്യൂറോക്രാറ്റ് കൂട്ടുകെട്ട് തകർത്തെറിയുന്നതിന്റെ നിരീക്ഷണമാണ് ശ്രീ. ദേവൻ നായരുടെ ലേഖനം. പ്രവാസി വിഷയത്തിൽ ഭരണസംവിധാനം നിഷേധാത്മക നിലപാട് തുടരരുത് എന്നു തന്നെയാണ് കേരള ജനത ആഗ്രഹിക്കുന്നത്.

സർക്കാർ ഉദ്യോഗസ്ഥരിൽ ഒരു ചെറിയ ശതമാനമെങ്കിലും ധനാർത്തിമൂലം ഇത്തരം അവിശുദ്ധ കൂട്ടുകെട്ടുകളിൽ നിലയുറപ്പിച്ചിട്ടുണ്ടെന്നത് നിഷേധിക്കാൻ സാധിക്കില്ല. ജനതക്ക് നേതൃത്വവും അത്താണിയുമാകേണ്ടവരുടെ ജനദ്രോഹ നടപടികൾ നിയന്ത്രിക്കുന്നതിന്, നിലവിലെ നിയമങ്ങൾ കൃത്യതയോടെ നടപ്പാക്കുകയേ വേണ്ടൂ.

**-സി.ആർ.രാജൻ,**
മാഗസിൻ എഡിറ്റർ





# വിലകൂടും, വീണ്ടെടുപ്പിന്



ഫ്രാങ്കോ ലൂയിസ്

പ്രളയ സെസ് തുടങ്ങി. കേരളത്തെ മുക്കിക്കളഞ്ഞ പ്രളയക്കെടുതികളുടെ വാർഷിക സമ്മാനം. സാധനങ്ങൾക്കും സേവനങ്ങൾക്കും ഈ മാസം മുതൽ ഒരു ശതമാനം നിരക്കിൽ വില വർധിച്ചു. പ്രളയക്കെടുതികളിൽ മുങ്ങി നടുവൊടിഞ്ഞ ജനതയുടെ മുതുകത്തേക്ക് ഒരു നുകംകൂടി കയറ്റി വച്ചിരിക്കുന്നു. പ്രളയത്തിൽ നനഞ്ഞുപോയ വ്യാപാര മേഖലയെ സെസ് കൂടുതൽ തളർത്തുമോ?

എന്തുതന്നെയായാലും വീണ്ടെടുപ്പ് അനിവാര്യമാണ്. അതിനു സെസ് അടക്കമുള്ള വിഭവ സമാഹരണം വേണ്ടിവരും. കഴിഞ്ഞ വർഷത്തെ പ്രളയ നാളുകളെ ഓർക്കുമ്പോൾ നടുങ്ങിവിറയ്ക്കും. ജീവനും ജീവിതവും സമ്പാദ്യങ്ങളുമെല്ലാം നിലയില്ലാ വെള്ളത്തിൽ മുങ്ങിത്തുടിച്ചു. ഭീതിജനകമായ ആ നിമിഷങ്ങളെ നമുക്ക് മറക്കാനാവില്ല.

## 433 ജീവൻ, 31,000 കോടി രൂപ

കേരളത്തിലെ മൂന്നര കോടി ജനങ്ങളിൽ 54 ലക്ഷം പേരെയാണു പ്രളയം നേരിട്ടു ബാധിച്ചത്. വെള്ളപ്പൊക്കത്തിൽ മരിച്ചത് 433 പേർ. പതിനായിരം ദുരിതാശ്വാസ ക്യാമ്പുകളിലായി 14 ലക്ഷം പേർ കഴിച്ചുകൂട്ടി. പത്തു ജില്ലകളിലായി 342 ഉരുൾപൊട്ടലുകളുണ്ടായി. 1.75 ലക്ഷം വീടുകളും കെട്ടിടങ്ങളും തകർന്നു. മൂന്നു ലക്ഷത്തിലേറെ വീടുകൾ ഭാഗികമായി തകർന്നു. കാർഷിക മേഖലയിൽ മൂവായിരം കോടിയുടെ നഷ്ടം. റോഡുകളും പാലങ്ങളും ഉൾപ്പെടെ 890 കോടി രൂപയുടെ അടിസ്ഥാന സൗകര്യങ്ങൾ ഒലിച്ചുപോയി. മൊത്തം 31,000 കോടി രൂപയുടെ നാശനഷ്ടം.

ലോകബാങ്കിന്റെ വിദഗ്ധ ഏജൻസികളും സംസ്ഥാന സർക്കാരും നടത്തിയ പഠന റിപ്പോർട്ടിലെ വിവരങ്ങളാണിത്. ബഹുഭൂരിപക്ഷം ജനങ്ങളേയും സാമ്പത്തികമായും മാനസികമായും തളർത്തുകയും തകർക്കുകയും ചെയ്ത വെള്ളപ്പൊക്കം. വീടുകളും ജീവനോപാധികളായ വ്യാപാര സ്ഥാപനങ്ങളും കൃഷിയുമെല്ലാം മുങ്ങിപ്പോയി. അനേകർക്കു തൊഴിൽ നഷ്ടമായി. റോഡുകളും പാലങ്ങളും കുളങ്ങളും കിണറുകളുമെല്ലാം നശിച്ചു.

## പ്രളയ സെസ്

പ്രളയം വിഴുങ്ങിയതെല്ലാം വീണ്ടെടുക്കാനുള്ള ഓട്ടത്തിലാണ് നാം. കഴിഞ്ഞ വർഷം ആരംഭിച്ച ആ യത്നം ഇനിയും പൂർത്തിയായില്ല. തുടരുകയാണ്, നവകേരള നിർമിക്കായുള്ള ശ്രമങ്ങൾ.

പുനർനിർമിതിക്കു പണം കണ്ടെത്താൻ സംസ്ഥാന സർക്കാർ ജിഎസ്ടിയിൽ ഈ മാസം മുതൽ ഒരു ശതമാനം അധിക നികുതി ചുമത്തുകയാണ്.

കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചുകഴിഞ്ഞു. ജിഎസ്ടി ചട്ടങ്ങളിലെ 32 എ ഇതിനായി ഭേദഗതി ചെയ്തു. ഉൽപന്നങ്ങളുടെ വില സെസ് അടക്കമുള്ള തുകയെന്നാണ് കേന്ദ്ര ചട്ടങ്ങളിലെ വ്യവസ്ഥ. അതിനാൽ സെസിനും ജിഎസ്ടി ചുമത്തേണ്ട അവസ്ഥയായിരുന്നു. വിലയിൽനിന്ന് സെസിനെ വേർതിരിക്കാനാണ് 32 എ ഭേദഗതി ചെയ്തത്.

ജിഎസ്ടി 12, 18, 28 ശതമാനം നിരക്കുള്ള ഉൽപന്നങ്ങൾക്കാണ് ഒരു ശതമാനം പ്രളയ സെസ് ചുമത്തുന്നത്. ഹോട്ടൽ ഭക്ഷണം, ട്രെയിൻ യാത്ര, ബസ് യാത്ര എന്നിവ ഒഴികേയുള്ള സേവനങ്ങൾക്കും ഒരു ശതമാനം സെസ് ഏർപ്പെടുത്തിയിട്ടുണ്ട്. സ്വർണത്തിനു കാൽ ശതമാനമാണു സെസ്.

ഒരു വർഷം ഇങ്ങനെ അഞ്ഞൂറു കോടി രൂപ അധികമായി സമാഹരിക്കും. രണ്ടു വർഷം കൊണ്ട് ആയിരം കോടി പിരിച്ചെടുക്കാനാണ് ലക്ഷ്യം. ലോക്സഭാ തെരഞ്ഞെടുപ്പുമൂലമാണ് സെസ് പിരിവ് ഇത്രയും വൈകിയത്. ജൂൺ മാസത്തോടെ തുടങ്ങാനിരുന്നതാണെങ്കിലും ജിഎസ്ടി 32 എ ചട്ടം കേന്ദ്ര സർക്കാർ ഭേദഗതി ചെയ്തുതരാൻ കാത്തിരിക്കുകയായിരുന്നു.



നവകേരള നിർമിതിക്ക് ലോക ബാങ്ക് 3,500 കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ട്. പ്രളയത്തിൽ തകർന്ന പ്രധാന റോഡുകളും ഒലിച്ചുപോയ പുഴയോരങ്ങളും പുനർനിർമിക്കാനാണ് വായ്പ. പ്രളയക്കെടുതികളുടെ ഭീകര മുഖം കണ്ട് പല ലോകരാജ്യങ്ങളും സാമ്പത്തിക സഹായവും വായ്പയും വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ അതെല്ലാം കേന്ദ്ര സർക്കാർ വിലക്കി.

## കിട്ടാത്ത ദുരിതാശ്വാസം

പ്രളയ വാർഷികമായിട്ടും ദുരിതബാധിതർക്ക് അർഹമായ സഹായം ഇനിയും ലഭിച്ചില്ലെന്ന പരാതിയാണു സർവത്ര. വീട്, കൃഷി, വ്യാപാരം തുടങ്ങിയവ നശിച്ചവർ കണ്ണീരോടെയാണ് വീണ്ടും അപേക്ഷയുമായി കളക്ടറേറ്റുകളിൽ എത്തിയത്. നാലു മണിക്കൂർ കാത്തുനിന്നാണ് അവർ ദുരിതാശ്വാസം തേടിയുള്ള അപേക്ഷകൾ നൽകിയത്. ജൂൺ അവസാന വാരത്തിൽ വാങ്ങിയ രണ്ടാംവട്ട അപേക്ഷകളിൽ ഇക്കഴിഞ്ഞ മാസത്തോടെ തീർപ്പുണ്ടാക്കുമെന്നാണ് സർക്കാരിന്റെ അവകാശവാദം.

ദുരിതാശ്വാസത്തിനു വ്യക്തമായ മാനദണ്ഡങ്ങളില്ല. പല ഉദ്യോഗസ്ഥരും പലതരത്തിലാണ് മാനദണ്ഡങ്ങൾ വ്യാഖ്യാനിക്കുന്നത്. എങ്ങനെ ദുരിതാശ്വാസം നൽകാതിരിക്കാം എന്നു കണ്ടെത്താനാണ് ഏറെ ഉദ്യോഗസ്ഥരുടേയും ഗവേഷണം. അർഹർക്കു കിട്ടിയാൽ കിട്ടിയെന്നു പറയാം.

## മൂന്നു ലക്ഷം വീടുകൾ

സ്വന്തമായൊരു വീട് ഓരോ കുടുംബത്തിന്റേയും സ്വപ്നമാണ്. പ്രളയം ആ സ്വപ്നത്തെ ഒഴുക്കിക്കൊണ്ടുപോയി. മൂന്നു ലക്ഷത്തിലേറെ വീടുകളാണ് നശിച്ചത്. പൂർണമായി തകർന്ന 15,521 വീടുകളുടെ പുനർനിർമാണം നടക്കുന്നുണ്ടെന്നാണു സർക്കാർ പറയുന്നത്. തകർന്ന 5,894 വീടുകൾ ഇതിനകം നിർമിച്ചു നൽകി. ഭാഗികമായി നശിച്ച 2,54,681 വീടുകൾക്ക് 1274.5 കോടി രൂപ നൽകി. ഇതിനു പുറമേ, സന്നദ്ധ സംഘടനകളും വ്യക്തികളും വീടു നിർമിച്ചു നൽകുന്നുണ്ട്.

എന്നാൽ ഒന്നും കിട്ടാത്ത അനേകരുണ്ട്. പുറമ്പോക്കിൽ താമസിച്ചിരുന്ന അനേകായിരം കുടുംബങ്ങൾ വഴിയാധാരമായി. വീടുകൾക്കു ഭീമമായ നാശമുണ്ടായിട്ടും നാമമാത്രമായ സഹായം ലഭിച്ചവരാണ് അധികവും. ഇവരെല്ലാം വീണ്ടും സർക്കാരിന് അപേക്ഷ നൽകി കാത്തിരിക്കുകയാണ്.

ഓഗസ്റ്റ് അവസാനത്തോടെ ക്യാമ്പുകളിൽനിന്ന് പിരിഞ്ഞു പോയവർക്കു സർക്കാർ അവശ്യ സാധനങ്ങളുടെ കിറ്റ് നൽകി. ഓരോ കുടുംബത്തിനും പതിനായിരം രൂപ സഹായവും നൽകി. 6.92 ലക്ഷം കുടുംബങ്ങൾക്ക് പതിനായിരം രൂപ വീതം 687.84 കോടി രൂപ ഇങ്ങനെ വിതരണം ചെയ്തു.

## ചെലവാക്കാൻ രണ്ടായിരം കോടി

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു സംഭാവനയായി 4,106.38 കോടി രൂപ ലഭിച്ചു. ഇതിൽ 2,041.34 കോടി രൂപ ഇതിനകം ചെലവിട്ടുകഴിഞ്ഞു. രണ്ടായിരം കോടി രൂപ ചെലവാക്കാനുണ്ട്. വ്യവസായികളും പ്രവാസികളും പൊതുജനങ്ങളുമെല്ലാം ഈ നിധിയിലേക്കു സംഭാവന ചെയ്തു.

ഇരുപത്തയ്യായിരം രൂപ മുതൽ ഒന്നര ലക്ഷം രൂപവരെ ശമ്പളം വാങ്ങുന്ന സംസ്ഥാന, കേന്ദ്ര സർക്കാർ ജീവനക്കാരോടും അധ്യാപകരോടും ഒരു മാസത്തെ ശമ്പളം സംഭാവന നൽകണമെന്നു സംസ്ഥാന സർക്കാർ അഭ്യർഥിച്ചു. കുറേപേർ അതിനു മനസു കാണിച്ചു. എന്നാൽ ഒരു പൈസപോലും നൽകാത്തവരുമുണ്ട്.

## കൂട്ടായ്മയുടെ പാഠം

പ്രളയം കേരളത്തെ കൂട്ടായ്മയുടെ പാഠമാണു പഠിപ്പിച്ചത്. പ്രളയജലത്തിൽ മുങ്ങിക്കിടന്നവരെ കരംപിടിച്ചു കരയ്ക്കെത്തിക്കാൻ, ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ എല്ലാവരും കൈകോർത്തു. ജാതി ഭേദമില്ലാതെ, രാഷ്ട്രീയ കക്ഷിഭേദമില്ലാതെയുള്ള സേവനം.

പ്രളയത്തിന്റെ ആദ്യ നാളുകളിൽത്തന്നെ

മൽസ്യത്തൊഴിലാളികൾ രക്ഷാസേനയായി. മൽസ്യത്തൊഴിലാളികൾ വള്ളങ്ങൾ ലോറിയിൽ കയറ്റി പ്രളയ മേഖലകളിലെത്തി രക്ഷിച്ചത് 65,000 പേരെയാണ്. സൈന്യത്തിന്റെ സേവന മികവിനെ വെല്ലുന്ന രക്ഷാസേനയാണു മൽസ്യത്തൊഴിലാളികളെന്ന് ലോകം തിരിച്ചറിഞ്ഞു.



ചെങ്ങന്നൂരിലും ചാലക്കുടിയിലും ആലുവായിലും ഇരുനിലക്കെട്ടിടങ്ങൾ പോലും മുങ്ങിപ്പോയി. വീടുകളിൽനിന്ന് ഓടി രക്ഷപ്പെടാൻപോലും സാവകാശം ലഭിച്ചില്ല. നോക്കിനിൽക്കേ നിമിഷങ്ങൾക്കകം ജലനിരപ്പ് കുതിച്ചുയർന്നു. ഒരു ജോഡി വസ്ത്രമോ ഒരു കുപ്പി വെള്ളമോ പോലും എടുക്കാനാകാതെ വീടിനു മുകളിലേക്ക് ഓടിക്കയറി. നാളെയെങ്കിലും വെള്ളം ഇറങ്ങിപ്പോകുമെന്ന പ്രതീക്ഷയോടെ അവർ കാത്തിരുന്നു.

സംസ്ഥാനത്തെ പതിനായിരത്തിലേറെ ദുരിതാശ്വാസ ക്യാമ്പുകളിലായി 14 ലക്ഷം പേരാണു കഴിഞ്ഞിരുന്നത്. ജാതിഭേദമില്ലാതെ, സമ്പന്നനും ദരിദ്രനും പണ്ഡിതനും പാമരനുമെല്ലാം ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയാർഥികളായി. കിടന്നുറങ്ങാൻ ഒരു പായ, തണുപ്പകറ്റാൻ ഒരു പുതപ്പ്, മാറിയുടുക്കാൻ ഒരു വസ്ത്രം, വിശപ്പകറ്റാൻ അൽപം ഭക്ഷണം എന്നിവയ്ക്കായി അവർ ദുരഭിമാനങ്ങളെല്ലാം മറന്ന് കൈനീട്ടി. അവർക്കു സൗകര്യങ്ങൾ ഒരുക്കാൻ നാട്ടുകാരെല്ലാം ഒറ്റക്കെട്ടായി.

## പ്രളയമഴ

2018 ജൂലൈ പകുതിയോടെ തെക്കൻ ജില്ലകളിൽ മഴ പേമാരിയായി മാറി. ആലപ്പുഴ ജില്ലയിൽ പെയ്തുകൂട്ടിയ മഴ ജൂലൈ അവസാന വാരത്തോടെ കുട്ടനാട്ടിലെ വെള്ളപ്പൊക്കമായി മാറി. കുട്ടനാട്ടിലെ വീടുകളിലേക്കു വെള്ളം കയറി. അനേകായിരങ്ങൾ ദുരിതാശ്വാസ ക്യാമ്പുകളിലെത്തി. അനേകംപേർ കുട്ടനാടിനോടു വിടപറഞ്ഞു.

ന്യൂനമർദത്തിന്റെ സമ്മർദത്തിൽ മഴ തിമിർത്തു പെയ്തു. മലനിരകളിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലും തുടങ്ങി. ഇങ്ങനെ 342 സ്ഥലങ്ങളിൽ ഉരുൾപൊട്ടി. ഓഗസ്റ്റ് ആദ്യദിവസങ്ങളിൽ ശമിച്ച മഴ ആറാം തീയതിയോടെ ശക്തിപ്രാപിച്ചു. തോരാമഴ പേമാരിയായി. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളമുയർന്നു. നദികളും തോടുകളും ജലാശയങ്ങളും വയലുകളും നിറഞ്ഞു.

ഇരുപത്താറു വർഷങ്ങൾക്കുശേഷം ഇടുക്കി അണക്കെട്ടിന്റെ ഷട്ടർ 2018 ഓഗസ്റ്റ് ഒമ്പതിനു തുറന്നു. ജലനിരപ്പ് 2,398.66 അടി ആയതോടെ ഉച്ചയ്ക്കു പന്ത്രണ്ടരയോടെ ഡാം ഷട്ടറുകൾ തുറന്നു. ചരിത്രത്തിൽ മൂന്നാം തവണയാണ് ഇടുക്കി അണക്കെട്ടിന്റെ ഷട്ടർ തുറന്നത്. നേരത്തെ 1992 ലും 1981 ലുമാണു ഷട്ടർ തുറന്നത്.

പേമാരി കലിതുള്ളി തോരാതെ പെയ്തതോടെ പുഴകൾ കവിഞ്ഞൊഴുകി. കേരളത്തിലെ 44 നദികളിലായുള്ള 43 ഡാമുകളും നിറഞ്ഞു. എല്ലാ ഡാമുകളുടേയും ഷട്ടറുകൾ തുറന്നിട്ടു. തമിഴ്നാടിന്റെ നിയന്ത്രണത്തിലുള്ള മുല്ലപ്പെരിയാർ, പറമ്പിക്കുളം ഡാമുകളുടെ ഷട്ടറുകളും 14 നു തുറന്നു. അതോടെ പുഴകൾ ഗ്രാമങ്ങളിലേക്കും നഗരങ്ങളിലേക്കും ഒഴുകി. റോഡ്, റെയിൽ ഗതാഗതം ദിവസങ്ങളോളം സ്തംഭിച്ചു. വിമാനത്താവളം അടച്ചിട്ടു. വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെട്ടു.

തുള്ളിക്കൊരു കുടം എന്ന തോതിൽ മഴ തോരാതെ പെയ്തു. പുറന്തള്ളുന്ന വെള്ളത്തിന്റെ തോതിനേക്കാൾ അതിവേഗത്തിലാണു വൃഷ്ടിപ്രദേശങ്ങളിൽനിന്നു ഡാമുകളിലേക്കുണ്ടായ നീരൊഴുക്ക്. ഇതോടെ 15 ന് ഡാമുകളുടെ ഷട്ടറുകൾ മുഴുവനായും തുറന്നിട്ടു. കേരളം നിലയില്ലാക്കയത്തിൽ മുങ്ങി.

ചെങ്ങന്നൂരിലും ചാലക്കുടിയിലും ആലുവായിലും ഇരുനിലക്കെട്ടിടങ്ങൾ പോലും മുങ്ങിപ്പോയി. വീടുകളിൽനിന്ന് ഓടി രക്ഷപ്പെടാൻ പോലും സാവകാശം ലഭിച്ചില്ല. നോക്കിനിൽക്കേ നിമിഷങ്ങൾക്കകം ജലനിരപ്പ് കുതിച്ചുയർന്നു. ഒരു ജോഡി വസ്ത്രമോ ഒരു കുപ്പി വെള്ളമോ പോലും എടുക്കാനാകാതെ വീടിനു മുകളിലേക്ക് ഓടിക്കയറി. നാളെയെങ്കിലും വെള്ളം ഇറങ്ങിപ്പോകുമെന്ന പ്രതീക്ഷയോടെ അവർ കാത്തിരുന്നു. കുടിവെള്ളവും ഭക്ഷണവുമില്ലാത്ത കാത്തിരിപ്പ് അഞ്ചു നാൾ നീണ്ടു. മരണത്തെ മുഖാമുഖം കണ്ട മണിക്കൂറുകൾ. ഓഗസ്റ്റ് ഇരുപതോടെ വെള്ളമിറങ്ങിയപ്പോഴാണ് ആ കാത്തിരിപ്പിന് അവസാനമായത്.

ഇപ്പോൾ രണ്ടു ദിവസം തുടർച്ചയായി മഴ പെയ്യുമ്പോൾ ഓർമകളിൽ ഓടിയെത്തും, കഴിഞ്ഞ വർഷത്തെ പ്രളയക്കണ്ണീർ.





# 2019ലെ രണ്ടാം നമ്പർ ഫൈനാൻസ് ബില്ലും എൻബിഎഫ്സികളും




**രാജേഷ്കുമാർ കെ. പിള്ള,**

ചെയർമാൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ തൃശൂർ ചാപ്റ്റർ


**പോ**യ മാസം നമ്മുടെ ധനകാര്യ മന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ പാർലമെന്റിൽ അവതരിപ്പിച്ച ബഡ്ജറ്റിനുള്ളിൽ മറ്റു ചില കാര്യങ്ങൾ കൂടി നടത്തിയത് വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടില്ല എന്ന് തോന്നുന്നു. ഞാൻ ഈ മാസികയുടെ കഴിഞ്ഞ ലക്കത്തിൽ എൻ ബി എഫ് സി കൾ നേരിടുന്ന പ്രതിസന്ധിയെക്കുറിച്ചു ചില വിവരങ്ങൾ പങ്ക് വച്ചിരുന്നു. നമ്മുടെ സാമ്പത്തികരംഗം നേരിടുന്ന വലിയ പ്രതിസന്ധിയെ നേരിടുന്നതിന് വേണ്ടി ഫിനാൻസ് ബില്ലിൽകൂടി ചില മറുകൃതികൾ ചെയ്യാനാണ് ധനകാര്യ മന്ത്രിയുടെ ശ്രമം. കഴിഞ്ഞ ലേഖനത്തിൽ പറഞ്ഞതുപോലെ, NBFC കൾക്ക് ബാങ്കുകളെ അപേക്ഷിച്ച് നിയന്ത്രണങ്ങളിൽ ഇളവുണ്ടെന്നു പറഞ്ഞല്ലോ. ഫിനാൻസ് ബില്ലിലൂടെ NBFC കളെയും RBI യുടെ കടുത്ത നിയന്ത്രണത്തിന് വിധേയമാക്കാനാണ് പുതിയനീക്കം. അതിനായി ഫിനാൻസ് ബില്ലിന്റെ ചാപ്റ്റർ 6ൽ 1934 ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ആക്ട് ഭേദഗതി നിർദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നു. ഈ ഭേദഗതികൾ നിലവിൽ വരുന്നതോടെ റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾക്കും നിർദേശങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന NBFC കളുടെ മാനേജ്മെന്റിനെ നിലയ്ക്ക് നിർത്താൻ RBIക്കു കഴിയും.

പ്രധാനപ്പെട്ട ഭേദഗതികളും ഉദ്ദേശവും താഴെ കൊടുക്കുന്നു.

1. RBI ആക്ട് സെക്ഷൻ 45 I-A ൽ അനുബന്ധം (b) ഭേദഗതി ചെയ്തു. ഇതുപ്രകാരം NBFCകൾക്ക് രെജിസ്ട്രേഷൻ നല്കാനുള്ള നിബന്ധനകൾ കർശനമാക്കാൻ RBI ക്കു കഴിയും. നിലവിൽ 25 ലക്ഷം മുതൽ 2 കോടി വരെയാണ് NBFC ലൈസൻസ് കിട്ടുന്നതിനുള്ള കുറഞ്ഞ മൂലധനം. എന്നാൽ ഇനിമുതൽ RBI ക്ക് 25 ലക്ഷത്തിനും 100 കോടിക്കുമിടയിൽ എത്ര സംഖ്യ വേണമെങ്കിലും നിഷ്കർഷിക്കാവുന്നതാണ്. മാത്രമല്ല വിവിധ ബിസിനസ് നടത്തുന്ന NBFC കൾക്ക് കുറഞ്ഞ മൂലധനം വിവിധങ്ങളായി നിർദേശിക്കാവുന്നതാണ്. ഈ നിയമഭേദഗതിയിലൂടെ സാമ്പത്തിക ഇടപാടുകൾ നടത്തുന്ന സ്ഥാപനങ്ങളുടെ ബാഹുല്യം നിയന്ത്രിക്കുന്നതിന് RBI ക്ക് കഴിയും. വേണ്ടത്ര തയ്യാറെടുപ്പില്ലാതെ സമൂഹത്തിൽനിന്നും ധനസമാഹരണം നടത്തി ഒരു NBFC ബിസിനസ് ചെയ്യാനുള്ള ചില സംരഭകരുടെ താല്പര്യങ്ങൾക്ക് ഇതു വില്ലനാകും. RBI ക്ക് സാമ്പത്തിക രംഗത്ത് ആരോഗ്യകരമായ സംരംഭങ്ങൾ നിലനിർത്തുന്നതിനും അതിനു ശേഷിയും അച്ചടക്കവുമുള്ള സംരഭകർക്ക് ഇതു ആശ്വാസവുമാണ്. എന്നിരുന്നാലും ഈ മേഖലയിലേക്ക് പുതിയ സംരംഭകർക്ക് കടന്നു വരാൻ താല്പര്യം ഉളവാകുന്ന രീതിയിൽ NBFC കളുടെ കുറഞ്ഞ മൂലധന നിക്ഷേപം നിജപ്പെടുത്തേണ്ടതാണ്.

ഉയർന്ന നിരക്കിലുള്ള മൂലധനം ഇപ്പോൾ വളർന്നു വരുന്ന സ്റ്റാർട്ടപ്പ് സ്ഥാപനങ്ങളായ ഫിൻ-ടെക് കമ്പനികൾക്കും മറ്റും തടസ്സം സൃഷ്ടിക്കാൻ സാദ്ധ്യതയുണ്ട്. നമ്മുടെ ധനകാര്യ

മേഖലയുടെ ഇനിയുള്ള വികസനം പുതിയ സാങ്കേതിക വിദ്യയിലൂടെയാണെന്നുള്ളതിൽ ആർക്കും തർക്കമുണ്ടെന്ന് തോന്നുന്നില്ല. ഫിൻടെക് കമ്പനികൾക്ക് ബാങ്കിംഗ് മേഖലയിലേക്ക് കടന്നു വരാനുള്ള വഴി NBFC യാണ്. ഉയർന്ന തലത്തിൽ നിജപ്പെടുത്തുന്ന മൂലധനം അത്തരക്കാർക്ക് താങ്ങാനാകില്ല.ഇവിടെ RBI തങ്ങളുടെ വിവേചനാധികാരം ഉപയോഗിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

2. സെക്ഷൻ 45-I-D എന്ന പുതിയ വകുപ്പ് പ്രകാരം NBFC കളിലെ ഡയറക്ടർമാരെ പിരിച്ചുവിടാൻ RBI ക്ക് അധികാരം നല്കുന്നു. RBI യുടെ അഭിപ്രായത്തിൽ കമ്പനിയുടെ മാനേജ്മെന്റ് കമ്പനിയുടെ താല്പര്യത്തിനോ, പൊതുജനതാല്പര്യത്തിനോ വിരുദ്ധമായാണ് പ്രവർത്തിക്കുന്നതെന്ന് ബോധ്യം വന്നാൽ നിലവിലുള്ള മാനേജ്മെന്റിന് ബദലായി പുതിയ മാനേജ്മെന്റിനെ കൊണ്ടുവരാൻ ഈ ഭേദഗതി RBI ക്ക് അധികാരം നൽകുന്നു. ഈ നിയമം ബാങ്കുകൾക്ക് സമാനമായ നിയന്ത്രണങ്ങൾ NBFCകളുടെ കാര്യത്തിലും പ്രാവർത്തികമാക്കാൻ ഉതകുന്നതാണ്. മേലിൽ RBIയുടെ നിർദേശങ്ങൾ പൂർണമായി നടപ്പാക്കാൻ NBFC മാനേജ്മെന്റുകളിലും സമ്മർദമുണ്ടാകുമെന്ന കാര്യത്തിൽ രണ്ടു പക്ഷത്തിനു സ്ഥാനമില്ല. സാമ്പത്തിക രംഗത്ത് പ്രവർത്തിക്കുന്നവർ സംശുദ്ധത പാലിക്കേണ്ടതാണ്. പൊതുസ്വത്തു കൈകാര്യം ചെയ്യുന്നവരാണല്ലോ ബാങ്കുകളും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളും അത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പുകാർ തങ്ങളുടെ സ്വന്തം താല്പര്യത്തിനപ്പുറം സമൂഹത്തിന്റെ വിശാലതാല്പര്യങ്ങൾ കൂടി സംരക്ഷിക്കാൻ കടപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവാണ് പുതിയ ഇത്തരം നിയന്ത്രണങ്ങൾക്ക് അടിസ്ഥാനം. ഇതിനു മുൻപ് കണ്ടിട്ടില്ലാത്തവിധം ഒരു ബാങ്കിനോട് തങ്ങളുടെ MD & CEO യെ ഇനി പുനർനിയമിക്കേണ്ടതില്ലെന്ന് RBI നിർദേശിച്ച കാര്യം ഓർക്കുമല്ലോ. അത്തരം നിർദേശങ്ങൾ ഇനി NBFC കൾക്കും പ്രതീക്ഷിക്കാം.

ഈ വകുപ്പ് പ്രകാരം നീക്കം ചെയ്യപ്പെടുന്ന ഡയറക്ടർ കമ്പനിയുടെ ദിനംപ്രതിയുള്ള മാനേജ്മെന്റിൽ ഒരുവിധത്തിലും ഇടപെടാൻ പാടില്ലാത്തതും കമ്പനിയുടെ ഡയറക്ടർ സ്ഥാനത്തു തുടരാനോ പാടില്ല എന്നും നിഷ്കർഷിക്കുന്നു. മാത്രമല്ല ആ ആൾക്ക് തുടർന്നുള്ള അഞ്ചു വർഷത്തേക്ക് ഒരു NBFC യുടെ ഡയറക്ടർ ആകാനോ മാനേജ്മെന്റിൽ ഭാഗമാകാനോ കഴിയില്ല. ആ വ്യക്തിയെ അത്തരം സ്ഥാനങ്ങൾക്ക് അയോഗ്യനായി കണക്കാക്കും. ഇത്തരത്തിൽ അയോഗ്യനാകുന്ന ഒരു ബിസിനസ് കാരന്റെ ഭാവി എന്താകും എന്ന് പറയേണ്ടതില്ലല്ലോ. മാത്രവുമല്ല ഇങ്ങനെ മാറ്റിനിറുത്തുന്ന ഡയറക്ടർക്ക് കമ്പനിയിൽ നിന്നും ഒരു വിധത്തിലുള്ള നഷ്ട പരിഹാരത്തിനും അർഹതയില്ലാത്തതാണ്. ആ ആൾ നിയമിതനായപ്പോൾ ഉള്ള കരാറിൽ കാലാവധിക്കു മുമ്പ് ജോലിയിൽനിന്നും പുറത്തുപോകാൻ നഷ്ടപരിഹാരത്തിന് വ്യവസ്ഥ ഉണ്ടെങ്കിലും RBI യുടെ നിർദേശം നിലനിൽക്കുമ്പോൾ ആ വ്യവസ്ഥക്ക് പ്രസക്തി നഷ്ടപ്പെടും.




3. പതുതായി ചേർത്ത സെക്ഷൻ 45-IE കമ്പനിയുടെ ബോർഡ് ഓഫ് ഡിറക്റ്റേഴ്സനെ പൂർണമായും പിരിച്ചുവിടാനും പകരം മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്താനും RBI ക്ക് അധികാരം നല്കുന്നു. ഈ സംവിധാനം അഞ്ച് വർഷം വരെ തുടരാൻ കഴിയുന്നതാണ്. മാത്രമല്ല ഡയറക്ടർ ബോർഡിന്റെ അധികാരവും അവകാശവും ഒരു അഡ്മിനിസ്ട്രേറ്ററിൽ നിക്ഷിപ്തമാകും. മാത്രമല്ല ബോർഡ് ഓഫ് ഡയറക്ടേഴ്സും ഓഹരി ഉടമകളും തങ്ങളുടെ മീറ്റിംഗിൽ പാസാക്കേണ്ട പ്രമേയങ്ങൾ പോലും അഡ്മിനിസ്ട്രേറ്റർക്ക് പാസാക്കാൻ അധികാരമുണ്ട്. RBI നിയമിച്ച മൂന്ന് അംഗങ്ങൾ ഉള്ള ഒരു കമ്മിറ്റി ഭരണ കാര്യങ്ങളിൽ അഡ്മിന് തുണയാകുന്നു. ഇത്തരം വ്യവസ്ഥകൾ മറ്റുനിയമങ്ങളിൽ പ്രതിപാദിച്ചുട്ടുണ്ടെങ്കിലും അവകാശങ്ങൾ സംരക്ഷിച്ചിട്ടുണ്ടെങ്കിലും അതൊന്നും തന്നെ ഈ നിയമത്തിന്റെ സാധുതയെ ബാധിക്കുന്നില്ല.

4. ബാങ്കുകളുടെ കാര്യത്തിൽ RBI ചെയ്യുന്നത് പോലെ, പുതിയ സെക്ഷൻ 45 MBA മൂലം NBFC കളിലും ഇടപെടൽ നടത്തി സാമ്പത്തിക രംഗത്തെ പൊതു താല്പര്യം മുൻനിർത്തി ഒരു NBFC യെ മറ്റൊന്ന്മായി ലയിപ്പിക്കാനോ അതല്ല NBFC യുടെ ഓരോ ബിസിനെസ്സും ഓരോ കമ്പനി ആയി മാറ്റി ഭരണം നടത്താനോ കഴിയും. അതുപോലെ കമ്പനിയുടെ എം

ഡി, സിഇഒ, ചെയർമാൻ, മറ്റു ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ ശമ്പളത്തിലും മറ്റു ആനുകൂല്യങ്ങളിലും കുറവ് വരുത്താനും RBI ക്ക് അധികാരം നൽകുന്നതാണ് മുകളിൽ സൂചിപ്പിച്ച സെക്ഷൻ. കൂടാതെ, മുകളിൽ സൂചിപ്പിച്ച ഉദ്യോഗസ്ഥരുടെയും അവരുടെ ബന്ധുക്കൾക്കും കമ്പനിയിൽ ഉള്ള ഓഹരികൾ പൂർണമായോ ഭാഗികമായോ ക്യാൻസൽ ചെയ്യാനും ഈ വകുപ്പ് RBI ക്ക് അധികാരം നൽകുന്നു.

5. ബിസിനസുകാർക്ക് പൊതുവെ ഉള്ള സ്വഭാവം ആണ് ഒന്നിൽ കൂടുതൽ സംരംഭങ്ങൾ തുടങ്ങുക എന്നത്. സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്നവരും ഇത്തരം ശീലം ഉള്ളവരാണ്. പൊതുജനത്തിന്റെ നിക്ഷേപങ്ങൾ തങ്ങൾ നടത്തുന്ന ധനകാര്യ സ്ഥാപനത്തിൽ നിന്നും വഴി മാറ്റി മറ്റു സ്ഥാപനത്തിൽ നിക്ഷേപം നടത്തുന്ന പ്രവണത സർവ സാധാരണമാണ്. നിയന്ത്രണമില്ലാതെയുള്ള ഇത്തരം പ്രവർത്തനം ധനകാര്യ സ്ഥാപനത്തിന്റെ സാമ്പത്തിക അടിത്തറ നഷ്ടപ്പെടുത്തും. ഇതിന് ധാരാളം ഉദാഹരണങ്ങൾ നമ്മൾ കണ്ടു കഴിഞ്ഞു. റിസർവ്വ ബാങ്കിന്റെ നിയന്ത്രണം ഇനി ഗ്രൂപ്പ് കമ്പനികളിലേക്കും നീണ്ടു വരാം. പുതുതായി ചേർത്തിട്ടുള്ള 45-NAA വകുപ്പ് പ്രകാരം RBI ക്ക് ഗ്രൂപ്പ് കമ്പനികളുടെ പ്രവർത്തനങ്ങൾ പരിശോക്കുന്നതിനു കഴിയും.

6. മറ്റൊരു കാതലായ മാറ്റം RBI യുടെ നിർദേശങ്ങൾ അനുസരിക്കാതിരുന്നാലുള്ള ശിക്ഷയിലാണ്. NBFC കൾ RBI നിയമം സെക്ഷൻ 45-IA ക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ പരമാവധി അഞ്ച് ലക്ഷം രൂപ പിഴയിട്ടിരുന്നത് ഭേദഗതി ചെയ്തപ്പോൾ അത് 25ലക്ഷം രൂപ വരെ പിഴ ചുമത്താൻ RBI ക്ക് കഴിയും. വകുപ്പ് 58 B (4 AA) പ്രകാരം ഓഡിറ്റേഴ്സ് RBI നിർദേശങ്ങൾ പാലിക്കാതിരുന്നാൽ RBI ക്ക് പിഴ ചുമത്താൻ അധികാരമുണ്ട്. മുൻപ് ഇത് അയ്യായിരം രൂപ ആയിരുന്നത് ഇപ്പോൾ പത്തു ലക്ഷം രൂപയായി ഉയർത്തി.

മുകളിൽ സൂചിപ്പിച്ച നിയമ ഭേദഗതികൾ ബാങ്കുകൾക്ക് സമാനമായി തന്നെ ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളെയും നിയന്ത്രിക്കുന്ന നിലയിലേക്കാണ് സർക്കാരിന്റെയും, റിസർവ് ബാങ്കിന്റെയും ചിന്ത എന്ന് വ്യക്തമാക്കുന്നു. ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങുന്നവരും ഇപ്പോൾ നടത്തുന്നവരും തങ്ങൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്. സാമ്പത്തിക രംഗത്തെ സ്ഥാപനങ്ങളുടെ കെട്ടുറപ്പ് രാജ്യത്തെ സമ്പത് വ്യവസ്ഥയിൽ പ്രധാനമായ പങ്ക് വഹിക്കുന്നു എന്ന് നമുക്കറിയാം. അത് കഴിഞ്ഞ കുറച്ചു നാളായി നാം നന്നായി തിരിച്ചറിഞ്ഞു. ബാങ്കിംഗ് രംഗത്ത് വന്നു ചേർന്ന കെടുകാര്യസ്ഥത രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെ പിന്നോട്ടടിച്ചു. അത്തരത്തിൽ തുടർന്ന് സംഭവിക്കാതിരിക്കാനും അന്തർദേശിയ രംഗത്ത് നമ്മുടെ രാജ്യത്തിന്റെ യശസ് ഉയർത്തിപിടിക്കേണ്ട RBI പോലുള്ള സ്ഥാപനങ്ങളിൽ ഉള്ള വിശ്വാസം നഷ്ടപെടാതിരിക്കാനും. കർശനമായ നിയമ വ്യവസ്ഥകൾ വേണ്ടത് തന്നെ.

ബാങ്കുകൾക്കും, ബാങ്കിതര സ്ഥാപനങ്ങൾക്കും ഒരുപോലെ ആവശ്യമാണ് മൂലധനം (capital) അതാകട്ടെ നമ്മുടെ നാട്ടിൽ സുലഭവുമല്ല. ഒരു സ്ഥാപനം വായ്പയിലുണ്ടാക്കുന്ന വളർച്ചയ്ക്കനുസൃതമായി തങ്ങളുടെ മൂലധനവും വർധിപ്പിച്ചുകൊണ്ടിരിക്കണം. RBI യുടെ കർശനമായ നിയന്ത്രണം ധനകാര്യ മേഖലയിൽ ആവശ്യമാണെന്ന് അംഗീകരിക്കുമ്പോൾ തന്നെ അതിന്റെ മറുവശവും കാണാതിരിക്കാനാവില്ല. അസാധാരണമായ റെഗുലേറ്റേഴ്സിന്റെ നിയന്ത്രണം (Excessive Regulatory Restrictions) നിലനിൽക്കുന്ന മേഖലകൾ നിക്ഷേപസൗഹൃദ മാകില്ല എന്നത് യാഥാർഥ്യമാണ്.

സാമ്പത്തിക രംഗത്തെ നിയന്ത്രിതാവ് എന്ന നിലയിൽ RBI തങ്ങളിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന അധികാരം വിവേകത്തോട് കൂടിയും വിവേചനത്തോട് കൂടിയും മാത്രം വിനിയോഗിക്കും എന്ന് കരുതാം. ഈ നിയമ ഭേദഗതികൾ NBFC മേഖലയിൽ നിലനിൽക്കുന്നു അനാരോഗ്യകരമായ പല പ്രവണതകളെയും അത്തരം സ്ഥാപങ്ങളുടെ വളർച്ചയെയും തടയുമെന്ന് പ്രതീക്ഷിക്കുന്നു. മാത്രമല്ല മുൻപ് സൂചിപ്പിച്ചതുപോലെ ഉത്തമമായ ബോധ്യത്തോടെയും അച്ചടക്കത്തോടെയും പ്രവർത്തിക്കാൻ തയ്യാറുള്ള സ്ഥാപങ്ങൾക്കു മാത്രമുള്ള വേദിയായി NBFC സെക്ടർ മാറാനും ഇതു കാരണമായേക്കാം.

നമ്മുടെ രാജ്യം പോലെ പാർലമെന്ററി ജനാധിപത്യം നിലനിൽക്കുന്ന രാജ്യത്ത് ഇത്രയും ദൂരവ്യാപകമായ ഫലം ഉണ്ടക്കാനുതകുന്ന ഒരു നിയമത്തിന്റെ ഭേദഗതി ഫിനാൻസ് ബില്ലിന്റെ മറവിൽകൂടി കൊണ്ടുവരേണ്ടിയിരുന്നോ എന്ന ചോദ്യം പ്രസക്തമാണെന്ന് തോന്നുന്നു. പകരം RBI അമെൻഡ്മെന്റ് ബിൽ തനതായി അവതരിപ്പിച്ചു അതിന്മേൽ പൊതു ചർച്ചയും NBFC സെക്ടറിന്റെയും കാഴ്ചപ്പാടുകൾ സ്വീകരിച്ചുകൊണ്ടും ഈ ഭേദഗതി ആവാമായിരുന്നില്ലേ എന്ന ചോദ്യം ബാക്കിയാകുന്നു. കാരണം ബാങ്കുകളേക്കാൾ വലിയ NBFC കമ്പനികൾ നമ്മുടെ നാട്ടിലുണ്ട് അവയിൽ നിക്ഷേപിച്ചിരിക്കുന്നവർക്കും അത്തരം സ്ഥാപങ്ങൾ കെട്ടിപ്പടുത്തവർക്കും തങ്ങളുടെ നാളെയെ കുറിച്ച് കൂടുതൽ വ്യക്തത ഉണ്ടായേനെ. അവർ ഇത്തരം സംരംഭങ്ങൾ തുടങ്ങുമ്പോൾ അല്ലെങ്കിൽ നിക്ഷിപിക്കുമ്പോൾ ഇല്ലാതിരുന്ന വ്യവസ്ഥകളാണ് ഇപ്പോൾ വന്നിരിക്കുന്നത് അവർക്ക് ഒരു പുനർചിന്തക്ക് സമയമില്ലല്ലോ.

●




# വമ്പനായി സിംബ, മനസുതൊട്ട് ബിയോൺസ്




**തേജശ്രീ**

**സിംബയെ അറിയുന്ന, ഇഷ്ടപ്പെടുന്ന ലക്ഷക്കണക്കിനുപേരിൽ ഒരാളായിരിക്കും നിങ്ങൾ. അല്ലെങ്കിൽ നിങ്ങളുടെ മകനോ മകളോ അവന്റെ ആരാധകരായിരിക്കും. അവന്റെ ദുഃഖത്തിൽ കരയുകയും സന്തോഷത്തിൽ ആവേശംകൊള്ളുകയും ചെയ്തിരിക്കും അവർ. ആരാണ് സിംബയെന്ന് അറിയാത്തവർ ഒരുനിമിഷം നിൽക്കുക.**

ആഫ്രിക്കയിലെ പ്രൈഡ് ലാൻഡ്സ് എന്ന മൃഗരാജ്യം. അവിടത്തെ സിംഹരാജാവായ മുഫാസയുടെ മകനാണ് സിംബ. അമ്മാവൻ സ്കാർ അച്ഛനെ കൊന്നതോടെ കുഞ്ഞു സിംബയ്ക്ക് രാജ്യം വിടേണ്ടിവന്നു. പിന്നീട് യുവാവായ സിംബ തിരികെ വരുന്നതും ശത്രുക്കളെ നേരിട്ടു കീഴ്പ്പെടുത്തുന്നതും എന്തൊരാനന്ദമാണ് നൽകുക! ഇത് ഡിസ്നിയുടെ ദി ലയൺ കിംഗ് എന്ന സിനിമയുടെ കഥയാണ്. 1994ൽ അനിമേഷൻ രൂപത്തിൽ പുറത്തിറക്കിയ ചിത്രത്തിന് തലമുറകളെ സ്വാധീനിക്കാനായി. ഇപ്പോൾ അതേ പ്രമേയമുള്ള ലൈവ് ആക്ഷൻ (ഫോട്ടോറിയലിസ്റ്റിക് കംപ്യൂട്ടർ അനിമേഷൻ) ചിത്രം ബോക്സോഫീസിൽ തകർത്തുവാരുന്നു. ലോകമെമ്പാടുമായി കഴിഞ്ഞമാസം മധ്യത്തിനുശേഷമാണ് ചിത്രം റിലീസ് ചെയ്തത്. ഹോളിവുഡ് സിനിമകളുടെ പ്രധാന മാർക്കറ്റുകളിൽ ഒന്നായ ഇന്ത്യയിൽ ആദ്യദിനംതന്നെ 13.17 കോടി രൂപ കളക്ഷൻ നേടാൻ ചിത്രത്തിനു കഴിഞ്ഞു. ഇംഗ്ലീഷിനു പുറമേ തമിഴ്, തെലുങ്ക്, ഹിന്ദി പതിപ്പുകളാണ് ഇന്ത്യയിൽ പ്രദർശിപ്പിക്കുന്നത്.

## ലയൺ കിംഗ്- മ്യൂസിക്കൽ

വിഖ്യാത സംവിധായകൻ ജോൺ ഫേവറു ഒരുക്കിയ ലയൺ കിംഗ് ഒരു മ്യൂസിക്കൽ സിനിമയാണ്. സ്പോട്ടിഫൈയിലും ആപ്പിൾ മ്യൂസിക്കിലും ചിത്രത്തിലെ പാട്ടുകൾ ആദ്യമെത്തി. ആദ്യത്തെ ഒറിജിനൽ സൗണ്ട് ട്രാക്കിൽനിന്നുള്ള റീമേക്കുകളാണ് അധികം പാട്ടുകളും. എന്നാൽ അവയിൽ അണിനിരക്കുന്ന അതികായരുടെ പേരുകൾതന്നെ സംഗീതപ്രേമികളെ പുളകംകൊള്ളിക്കും- എൽട്ടൺ ജോൺ, ബി

യോൺസ്, ഡൊണാൾഡ് ഗ്ലോവർ, ബില്ലി ഈഷ്നർ, സേഥ് റോജൻ... എന്തൊരതിശയകരമായ നിരയാണത്! സ്പിരിറ്റ് എന്ന ലീഡ് സിംഗിൾ ഒരുക്കിയിരിക്കുന്നത് ബിയോൺസ് ആണ്. കൗതുകം നിറയ്ക്കുന്ന ഒരു വാർത്തകൂടിയുണ്ട്- ചിത്രത്തിന്റെ സംഗീതത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് ബിയോൺസ് ഒരാൽബംതന്നെ പുറത്തിറക്കിയിരിക്കുന്നു- ദ ലയൺ കിംഗ്: ദ ഗിഫ്റ്റ്!




## നൊസ്റ്റാൾജിയ

ആ സംഗീതം നിങ്ങളെ ആഴത്തിൽ സ്പർശിക്കും. ആദ്യമായി കേൾക്കുകയാണെങ്കിൽപ്പോലും അതിനൊരു ആത്മീയ ശക്തിയുണ്ട്- ചിത്രത്തിന്റെ സംവിധായകൻ പാട്ടുകളെക്കുറിച്ച് പറഞ്ഞതിങ്ങനെ. എന്നാൽ നിങ്ങൾക്ക് ഈ സിനിമയെക്കുറിച്ച് അറിയുകയും ആദ്യ ചിത്രം മുതൽ ഈ പാട്ട് കേട്ടു വളരുകയും ചെയ്തിട്ടുണ്ടെങ്കിൽ നിങ്ങൾക്കുണ്ടായേക്കാവുന്ന അനുഭൂതികൾ പറഞ്ഞറിയിക്കാൻ പറ്റില്ല. നിങ്ങളുടെ കുട്ടിക്കാലവുമായി ആ സംഗീതം അത്രമാത്രം കൂട്ടിയിണക്കപ്പെട്ടിരിക്കും- അദ്ദേഹം കൂട്ടിച്ചേർക്കുന്നു.



കാൻ യു ഫീൽ ദ ലവ് ടുനൈറ്റ് എന്നതാണ് ആ പാട്ട്. ബിയോൺസും ഡൊണാൾഡ് ഗ്ലോവറും ചേർന്ന് ആലപിച്ച ആ പാട്ടിന് അത്രമാത്രം ശക്തിയും സൗന്ദര്യവുമുണ്ട്. വിഖ്യാതനായ മുതിർന്ന സംഗീതജ്ഞൻ എൽട്ടൺ ജോണിന്റെ ശബ്ദത്തിലുള്ള പുതിയ പാട്ട് നെവർ ടൂ ലേറ്റ് പുതിയ ചിത്രത്തിന്റെ പ്രധാന ആകർഷണവുമാകുന്നു. എന്തായാലും പാട്ടുകൾ ഈ ചിത്രത്തിന്റെ വിജയത്തിനും കോടികളുടെ കളക്ഷനും ഒരു പ്രധാന പങ്കുവഹിച്ചുവെന്നുറപ്പ്.

## ബിയോൺസ്– വൺ ആൻഡ് ഓൺലി

തൊണ്ണൂറുകളുടെ അവസാനം ഡെസ്റ്റിനീസ് ചൈൽഡ് എന്ന പെൺകുട്ടികളുടെ സംഗീതബാൻഡിലൂടെ മുഖ്യധാരയിലെത്തിയ ബിയോൺസ് ചെറുപ്പംമുതൽക്കേ സംഗീതരംഗത്തുണ്ട്. ബിയോൺസ് ഗിസെല്ലെ നോൾസ്-കാർട്ടർ എന്നാണ് ഈ 37കാരിയുടെ പൂർണനാമം. ആദ്യ ആൽബം ഡെയ്ഞ്ചറസ്ലി ഇൻ ലവ് 2003ൽ പുറത്തിറങ്ങി. ഈ ആൽബത്തിലൂടെ ബിയോൺസ് അഞ്ചു ഗ്രാമി പുരസ്കാരങ്ങൾ നേടി. ബിൽബോർഡ് ഹോട്ട് 100 ചാർട്ടിൽ രണ്ടു നമ്പർ വൺ ഗാനങ്ങളുമെത്തി. 2008ൽ മൂന്നാമത്തെ ആൽബമായ ഐ ആം.. സാഷാ ഫിയേഴ്സിലൂടെ ആറു ഗ്രാമി പുരസ്കാരങ്ങൾ നേടി. ഇതോടെ ഒരു വർഷം ഏറ്റവും കൂടുതൽ ഗ്രാമി നേടുന്ന ഗായിക എന്ന പദവിയും ബിയോൺസിനു സ്വന്തമായി.

രണ്ടു ദശാബ്ദത്തിലേറെയായി സോളോ ആർട്ടിസ്റ്റായ ബിയോൺസിന്റെ 11.8 കോടി റെക്കോർഡുകളാണ് വിറ്റഴിച്ചിട്ടുള്ളത്. 2013ലും 14ലും ലോകത്തിലെ ഏറ്റവും സ്വാധീനശേഷിയുള്ള നൂറുപേരിൽ ഒരാളായി ടൈം മാഗസിൻ ബിയോൺസിനെ തെരഞ്ഞെടുത്തു. തൊട്ടടുത്തവർഷം ഏറ്റവും ശക്തയായ സംഗീതജ്ഞയായി ഫോബ്സ് മാഗസിൻ തെരഞ്ഞെടുത്തു.

ബിയോൺസിന്റെ സംഗീതജീവിതത്തിലെ ഒരു നാഴികക്കല്ലാവും ദ ലയൺ കിംഗ്. ആ ചിത്രവും അതിലെ പാട്ടുകളും ആഗോള സിനിമാചരിത്രത്തിന്റെ തിളങ്ങുന്ന ഏടുകളിൽ മുദ്രിതമാകുമെന്നും ഉറപ്പ്.




# NIRMALA COLLEGE

NUTMEG GARDENS, KUNNAPPILLY P.O., MELOOR, CHALAKUDY - 680 311.

Approved by AICTE / Pharmacy Council of India, New Delhi. Affiliated to A.P.J. Abdul Kalam Technological University
University of Calicut / Directorate of Medical Education (DME) / Directorate of Technical Education (DTE)
Kerala University of Health Sciences (KUHS) & Recognized by Govt. of Kerala.

**MANAGED BY NIRMALA EDUCATIONAL TRUST**

## MANAGEMENT 94476 52909

**MBA**
FINANCE | MARKETING | HUMAN RESOURCES
INFORMATION SYSTEMS | OPERATIONS(LOGISTICS)

**PGCM**
AVIATION & AIRPORT MANAGEMENT (15 Months)
HOSPITAL & HEALTH CARE MANAGEMENT (15 Months)

## ENGINEERING 94476 52909

**B.Tech**
CIVIL | MECHANICAL | MECHATRONICS
FOOD TECHNOLOGY*

## PHARMACY 94467 66227

**B.Pharm**
BACHELOR OF PHARMACY (4 YEARS)

**D.Pharm**
DIPLOMA IN PHARMACY (2 YEARS)

## POLYTECHNIC 94476 52909

**DIPLOMA**
MECHANICAL | CIVIL | CHEMICAL
AUTOMOBILE | ELECTRICAL & ELECTRONICS

Upcoming Courses *

## ARTS & SCIENCE 97457 51026

**B.Com** + **ACCA** (ACCA Programme 6 papers exempted for our B.Com. students)
FINANCE / CA / CO-OPERATION

**BCA** COMPUTER APPLICATION

**BA** ENGLISH LANGUAGE & LITERATURE WITH JOURNALISM

**B.Sc.** COMPUTER SCIENCE

**BBA** + AVIATION/LOGISTICS BUSINESS ADMINISTRATION

**BA** MULTIMEDIA (BMMC)



**B.Sc.** COSTUME & FASHION DESIGNING

**BTTM** TRAVEL & TOURISM MANAGEMENT + IATA

**BTHM** TOURISM & HOTEL MANAGEMENT + IATA

## GLORIOUS ACHIEVEMENT

**MBA**

On declaration of T4 Exam September 2018 results
1st RANK
NIRMALA
COLLEGE OF MANAGEMENT STUDIES
among all MBA Colleges under KTU in Kerala
100% PASS
Source: https://ktu.edu.in/eu/res/viewResults.htm

**POLYTECHNIC**

On declaration of 1st Semester exam results
NIRMALA
INSTITUTE OF TECHNOLOGY
RANKED FIRST
among all self financing Polytechnic Colleges in Kerala
Source: Board of Technical Education, https://tekerala.org/res_stat/inst_sALL_nov18.pdf

**63 NATIONAL AND MULTINATIONAL COMPANIES RECRUITED 93% OF OUR STUDENTS**
**★ IN " JOBATHON JAN–2019 " PLACEMENT DRIVE CONDUCTED IN OUR CAMPUS ★**

HOSTEL FACILITY FOR BOYS AND GIRLS. TRANSPORTATION FACILITY AVAILABLE

For Admission & Enquiries Contact : Nirmala Administrative Office, Chalakudy.
Ph : 9447652909, 9745751026, 9496889119, 0480 - 2709093, 2739800



**ഏതൊരു പ്രവാസി മലയാളികളുടേയും സ്വപ്നമാണ് കയ്യിൽ നാല് കാശുവന്നാൽ നാട്ടിൽ പോയി എന്തെങ്കിലും വ്യവസായം തുടങ്ങണമെന്ന്.**

# എന്താടോ ശേഖരാ നന്നാവാത്തത്?




**ദേവൻ നായർ**
Director, Sonnet Creations Pvt Ltd.
Thrissur


കേരളത്തിലെ ഉദ്യോഗസ്ഥരേയും ചട്ടങ്ങളേയും രാഷട്രീയ പാർട്ടികളേയും ദൈവം വിചാരിച്ചാൽ പോലും നന്നാക്കാൻ കഴിയില്ല. പക്ഷേ മലയാളികളായ നമുക്ക് - പ്രത്യേകിച്ച് പ്രവാസി മലയാളികൾക്ക് മാറാം. ഏതൊരു പ്രവാസി മലയാളികളുടേയും സ്വപ്നമാണ് കയ്യിൽ നാല് കാശുവന്നാൽ നാട്ടിൽ പോയി എന്തെങ്കിലും വ്യവസായം തുടങ്ങണമെന്ന്.

നാട്ടിൽ പത്തു പേർക്ക് ജോലി കൊടുക്കണം. കാരണം അവർ ജോലി ചെയ്യുന്ന രാജ്യങ്ങളിൽ അവർ കാണുന്നതിതൊക്കെയാണ്. നല്ല നിയമവാഴ്ചയും നീതിനിർവ്വഹണവും നടക്കുന്നു. അന്യായം പ്രവർത്തിച്ചാൽ ചോദിക്കാൻ ആളുണ്ട്, ഉടനെ ശിക്ഷയുണ്ട്. യു.എ.ഇ യിൽ ചെക്ക് മടങ്ങിയാൽ അത് അറ്റ്ലസ് രാമചന്ദ്രനാണെങ്കിലും അകത്തുകിടക്കും. കേരളത്തിലെ സ്ഥിതി ഇതാണോ, നിയമ വാഴ്ച ഉള്ള സ്ഥലങ്ങളിലേ വികസനം നടക്കൂ. അത് യു.എ.ഈ. ആയാലും യു.കെ. ആയാലും യു.എസ്.എ. ആയാലും. എന്തിന് സോമാലിയ ആയാലും. ലണ്ടനിൽ ട്രാഫിക് നിയമം തെറ്റിച്ച് വണ്ടി ഓടിച്ചാൽ അത് തെരേസ്സാമ്മയുടെ പുത്രനാണെങ്കിൽ പോലും അകത്ത് കിടക്കും. കേരളത്തിലാണെങ്കിൽ പിടിച്ച പോലീസുകാരനെ ഇഞ്ചിപ്പരുവമാക്കും നസീമിനെപ്പോലുള്ളവർ. പോലീസുകാരന് സസ്പെൻഷനും കിട്ടും. അപ്പോൾ പറഞ്ഞവരുന്നത് ഇതാണ്. വ്യവസായം തുടങ്ങണം എന്ന മോഹം പ്രവാസി മലയാളികളുടെ മനസ്സിൽ തോന്നുമ്പോൾ അവർ ചെയ്യേണ്ടതെന്താണ്?

“വരവേൽപ്പ്, സന്ദേശം” തുടങ്ങിയ സിനിമകളുടെ സിഡി ഇട്ട് കാണുക. പിന്നീട് കണ്ണടച്ച് ഒരുമിനിറ്റ് ചിന്തിച്ചു നോക്കുക. നമുക്ക് ഇതു വേണോ. പണം ഫെഡറൽ ബാങ്കിലോ പോസ്റ്റോഫിസിലോ 6% പലിശയ്ക്ക് നിക്ഷേപിച്ചാൽ പോരെ? ഈ സിനിമകൾ വന്നിട്ട് പത്തു മുപ്പതു വർഷമായെങ്കിലും കേരളത്തിലെ ബ്യൂറോക്രസിക്കോ രാഷ്ട്രീയപ്രസ്ഥാനങ്ങൾക്കോ ഒരു മാറ്റവും ഉണ്ടായിട്ടില്ല. ഈ ചിന്ത പോയിരുന്നെങ്കിൽ ആന്തൂറിലെ സാജൻ പാറയിൽ കൊല്ലത്തെ സുഗതൻ എന്നിവർ ആത്മഹത്യ ചെയ്യില്ല. ആത്മഹത്യചെയ്യാതെ ജീവച്ഛവങ്ങളായിരിക്കുന്ന ഒട്ടനവധി പ്രവാസി മലയാളി വ്യവസായികളുണ്ട്. വേണമെങ്കിൽ ഒരു സർവ്വെ നടത്താം. മുൻപ് സി.പി.എം., ബീഡിത്തൊഴിലാളികൾ, തൊണ്ടുതല്ലുന്നവർ, കർഷകത്തൊഴിലാളികൾ എന്നിവരെയൊക്കെ സംഘടിപ്പിക്കുന്നതിൽ ആവേശംകൊണ്ടിരുന്നു. ഇപ്പോൾ പഴയ ആവേശമില്ല. പകരം നല്ല ജീവിത ചുറ്റുപാടുള്ള സർക്കാർ ഉദ്യോഗസ്ഥർ അദ്ധ്യാപകർ എന്നിവരെ സംഘടിപ്പിക്കുന്നതാണ് ഇടതുപക്ഷ

ങ്ങൾക്ക് താൽപ്പര്യം. പണപ്പിരിവ് നടക്കും. ഉദ്യോഗസ്ഥ തലത്തിൽ എന്തുനെറികേടും നടത്താൻ കഴിയും. ഇടതുപക്ഷ ആധിപത്യമുള്ള സംഘടനകളേ സർക്കാർ തലത്തിലുള്ളൂ. ആ നിലക്ക് മര്യാദക്കാരായിരുന്നെങ്കിൽ സാജൻ സമർപ്പിച്ച പ്ലാനിൽ ഇന്ന ഇന്ന അപാകതകൾ ഉണ്ടെന്നും അത് മാറ്റി പണിതാൽ മതിയെന്നും സൗഹൃദപരമായി സംസാരിക്കാമായിരുന്നു. മിക്ക സ്ഥലത്തും പണി തുടങ്ങിക്കൊള്ളാൻ പറയുകയും പിന്നീട് ഓരോ കാരണം പറഞ്ഞ് കൈക്കൂലി ആവശ്യപ്പെടുകയുമാണ് സാധാരണ മുനിസിസിപ്പൽ പഞ്ചായത്ത് അധികൃതരുടെ രീതി. കേരളത്തിൽ ചട്ടങ്ങൾ കൃത്യമായി പാലിച്ചു പണിത എത്ര കെട്ടിടങ്ങളുണ്ട്, മാളുകളുണ്ട്, മൾട്ടിപ്ലെക്സുകളുണ്ട്? അപ്പോൾ പ്രീതി സമ്പാദിച്ചെടുക്കലാണ് കാര്യം. ആന്തൂരിലേത് നിർഭാഗ്യവശാൽ പാർട്ടിക്കുള്ളിലെ മൂപ്പിളമതർക്കം കൂടിയായി. വടക്കേ മലബാറിൽ പഴയകാലത്ത് മൂപ്പിളമ തർക്കം വന്നാൽ അങ്കംവെട്ടിയാണ് വിധിയെഴുതിയിരുന്നത്

ടോമിൻ ജെ. തച്ചങ്കരി, ആളൽപ്പം പിശകാണെന്ന് എല്ലാവർക്കും അറിയാം. അൽപ്പം കള്ളത്തരം ഉള്ളവർക്കല്ലേ കള്ളന്മാരുടെ ബോഡി ലാംഗ്വേജ് അറിയൂ. കെ.എസ്.ആർ.ടി.സിയിൽ തച്ചങ്കരി പിടിമുറുക്കിയപ്പോൾ പ്രശ്നമായത് യൂണിയൻ നേതാക്കൾക്കാണ്. എല്ലാ യൂണിയനും കൂടി തച്ചങ്കരിയെ മാറ്റിയില്ലെങ്കിൽ ലോകസഭാ തെരെഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് വോട്ടു ചെയ്യില്ലെന്ന് പറഞ്ഞു. ഡബിൾ ചങ്കൻമാർ പേടിച്ച് വിറച്ചു. തച്ചങ്കരി ഔട്ട്. എഴുപത് ശതമാനം യാത്രാകുത്തകയുള്ള കെ.എസ്.ആർ.ടി.സി.യെ നഷ്ടത്തിലാക്കാൻ കാഞ്ഞ ബുദ്ധി തന്നെ വേണം. കർണ്ണാടകയും തമിഴ്നാടും ഈ വ്യവസായം വൻ ലാഭത്തിൽ കൊണ്ടുപോകുകയാണ്. എനിക്ക് പ്രവാസി മലയാളികളോട് പറയാനുള്ളത്, എന്തെങ്കിലും ബിസിനസ് ഐഡിയ ഉണ്ടെങ്കിൽ വാളയാറിന് അപ്പുറം പോയി തുടങ്ങുക. ജീവനെങ്കിലും ബാക്കിയുണ്ടാകും. ഇപ്പോൾത്തന്നെ കഞ്ചിക്കോട്ടുനിന്ന് വെറും എട്ട് കിലോമീറ്റർ അകലെയുള്ള തമിഴ്നാട്ടിലേക്ക് കഞ്ചിക്കോട്ടെ ഇൻഡസ്ട്രിയലിസ്റ്റുകൾ മാറിക്കൊണ്ടിരിക്കുകയാണ്. അവിടെച്ചെന്നാൽ വൈദ്യുതി ഉദ്യോഗസ്ഥർ നമ്മുടെ ഓഫീസിൽ വരും, ഓർഡറുമായി. തൊഴിൽ പ്രശ്നങ്ങളില്ല. നോക്കുകൂലി കൊടുക്കേണ്ട. ചുമട്ടുതൊഴിലാളികളെന്ന പ്രൈവറ്റ് ആർമികളെ ഭയപ്പെടേണ്ടതില്ല. വെറുതെയാണോ കിറ്റെക്സ്, വീഗാർഡ് തുടങ്ങിയവർ തമിഴ്നാട്ടിലേക്ക് വ്യവസായംപറിച്ചു നട്ടത്. പ്രവാസി മലയാളികളുടെ ഭാര്യമാർ ശ്രദ്ധിക്കണം: ഭർത്താക്കന്മാർ ഓരോ ആവേശം കയറി കേരളത്തിൽ വ്യവസായം തുടങ്ങാൻ ശ്രമിക്കും. അതുതടയണം. എന്നിട്ടും കൂട്ടാക്കുന്നില്ലെങ്കിൽ ഡൈവോഴ്സ് നോട്ടീസ് അയക്കുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തണം. ഒന്നുമില്ലെങ്കിലും കുട്ടികൾക്ക് അച്ഛനെങ്കിലും ഉണ്ടാകും. എന്നാൽ മൂന്നോ നാലോ പ്രവാസി മലയാളികൾ വിജയകരമായി പല പ്രൊജക്ടുകളും കേരളത്തിൽ ചെയ്തുവരുന്നുണ്ട്. പക്ഷേ അവർക്ക് എല്ലാ രാഷ്ട്രീയ നേതാക്കന്മാരുമായി ഇടതു വലതു ഭേദമന്യേ ബന്ധമുണ്ട്. ഈ നേതാക്കളുടെ മക്കൾക്ക് ജോലി, പോക്കറ്റ് മണി, എന്നിവയൊക്കെ ഇവർ ആവശ്യം വരുമ്പോൾ നൽകിവരുന്നുമുണ്ട്. ഇവർക്കു മാത്രമേ കേരളത്തിൽ പ്രവാസി ബിസിനസ്സ് നടത്താൻ കഴിയൂ. അല്ലാത്തവർ ശ്രമിച്ചാൽ പരാജയപ്പെടുമെന്ന് ഒരുപാടുദാഹരണങ്ങളുണ്ട്.



കേരളത്തിലെ റോഡുകളും പാലങ്ങളുമൊക്കെ പണിപൂർത്തിയാകാതെയും കുണ്ടും കുഴികളും ആയി കിടക്കുന്നതിന് കാരണമെന്തെന്ന് അറിയാമോ? പണ്ട് കുറ്റിപ്പുറം കോഴിക്കോട് ഹൈവേയുടെ പണിയേറ്റെടുക്കാൻ ലീസീ ബെൻ എന്ന മലേഷ്യൻ കോൺട്രാക്റ്റർ വന്നു. ലോകത്തിൽ ഒന്നാന്തരം റോഡുകൾ എവിടെ ഉണ്ടോ അതൊക്കെ മലേഷ്യക്കാരുടെ സംഭാവനയാണ്. അവസാനം എന്തുണ്ടായി? ഉദ്യോഗസ്ഥരുടെ മുഷ്ക്കിൽ ലീ സീ ബെൻ ആത്മഹത്യചെയ്തു. അദ്ദേഹത്തിന്റെ ആത്മാവ് ഗതി കിട്ടാതെ കേരളത്തിൽ പണിപൂർത്തിയാകാത്ത റോഡുകളുടേയും പാലാരിവട്ടം പാലത്തിന്റെ രൂപത്തിലും നടക്കുകയാണ്. അതിനാൽ കേരള ജനത ഒന്നാകെ ലീ സീ ബെന്നിനു വേണ്ടിയും സാജനുവേണ്ടിയും സുഗതനുവേണ്ടിയും ശേഷക്രിയ നടത്തുക. ഒന്നുമില്ലെങ്കിലും ആത്മാക്കൾക്ക് മോക്ഷം കിട്ടട്ടെ. ബിസിനസ് മാഗ്നറ്റ് ആകുന്നതിനും ഭേദമല്ലേ മോക്ഷപ്രാപ്തി.

കായികരംഗത്തെ പുത്തൻ പ്രവണതകൾ അവതരിപ്പിക്കുന്ന പംക്തിയാണ് **മൈതാനം.** സ്കൂൾ തലം മുതൽ അന്തർദേശീയ കായികമത്സരങ്ങളുൾപ്പെടെ ഇന്ത്യൻ പ്രതിഭാസാന്നിധ്യം ഇവിടെ പരാമർശിക്കപ്പെടും. അഭിനന്ദനാർഹമായ നേട്ടങ്ങളും കുറവുകൾ പരിഹരിക്കുന്നതിനു ള്ള നിർദേശങ്ങളും സമഗ്രമായി പ്രതിപാദിക്കുന്നതാകും ഈ പംക്തി.



**മൈതാനം**

റയൻ ജോസഫ്

# ലാസ്റ്റ് ലാപ്പിലെ അവധാനത

ആദ്യ 50 ഓവർ മത്സരത്തിനു പുറമെ സൂപ്പർ ഓവറും സമനില ആക്കപ്പെട്ട മത്സരം. എതിരാളിക്കെതിരെ ഒരു റൺ അധികം നേടാനാകാതെ, തുല്യശക്തികളിൽ ഒരു ടീം വേൾഡ് കപ്പ് സ്വന്തമാക്കിയ മത്സരം. ഇതുവരെ വേൾഡ് കപ്പ് നേടാത്ത രണ്ട് ടീമുകൾ ഫൈനലിൽ ഇഞ്ചോടിഞ്ച് ഏറ്റുമുട്ടിയ മത്സരം. ഇങ്ങനെ പ്രത്യേകതകളാൽ സമ്പന്നമായിരുന്നു 2019ലെ വേൾഡ് കപ്പ് ഫൈനൽ മത്സരം.

ഇന്ത്യൻ നിരയിൽ ഇന്നത്തെ നിറംമങ്ങിയ മാച്ച് ഫിനിഷർ സ്ഥാനം, മത്സരഫലത്തെ എത്രത്തോളം മാറ്റിമറിക്കാൻ ശേഷിയുള്ളതാണെന്ന്, ഇംഗ്ലണ്ടിന്റെ ഇടംകൈയ്യൻ ബാറ്റ്സ്മാൻ ബെൻ സ്റ്റോക്സ് ഓർമ്മിപ്പിച്ച മത്സരം കൂടിയായിരുന്നു ഇത്. അവസാന ആറ് പന്തുകളിൽ 15 റൺസിന്റെ വിജയലക്ഷ്യം, ആദ്യ രണ്ടു പന്തുകൾ പാഴായിട്ടും സമനിലയിലേക്ക് എത്തിച്ച ബെൻ സ്റ്റോക്സ് സൂപ്പർ ഓവറിലും തിളങ്ങി.

| Year | Winner | Runner-up |
|---|---|---|
| 2015 | Australia | New Zealand |
| 2011 | India | Sri Lanka |
| 2007 | Australia | Sri Lanka |
| 2003 | Australia | India |
| 1999 | Australia | Pakistan |
| 1996 | Sri Lanka | Australia |
| 1992 | Pakistan | England |
| 1987 | Australia | England |
| 1983 | India | West Indies |
| 1979 | West Indies | England |
| 1975 | West Indies | Australia |

*ലോകകപ്പ് വിജയികൾ*



*ഇംഗ്ലണ്ട് ടീം വിജയ ലഹരിയിൽ*

**ന്യൂസിലൻഡിനെതിരായ സെമിഫൈനൽ മത്സരത്തിൽ ഇന്ത്യയുടെ എം.എസ്.ധോണിയെ ഡയറക്ട് ഹിറ്റിലൂടെ റൺ ഔട്ടാക്കിയ മാർട്ടിൻ ഗുപ്റ്റിലും, ഇതേ മത്സരത്തിൽ ഉഗ്രൻ ഡൈവിലൂടെ ദിനേഷ് കാർത്തിക്കിനെ പുറത്താക്കിയ നിഷാമും, 16 റൺസ് എന്ന സൂപ്പർ ഓവർ വിജയലക്ഷ്യം പിന്തുടർന്ന ന്യൂസിലൻഡിന്റെ പോരാളികളായി.**

ന്യൂസിലൻഡിനെതിരായ സെമിഫൈനൽ മത്സരത്തിൽ ഇന്ത്യയുടെ എം.എസ്.ധോണിയെ ഡയറക്ട് ഹിറ്റിലൂടെ റൺ ഔട്ടാക്കിയ മാർട്ടിൻ ഗുപ്റ്റിലും, ഇതേ മത്സരത്തിൽ ഉഗ്രൻ ഡൈവിലൂടെ ദിനേഷ് കാർത്തിക്കിനെ പുറത്താക്കിയ

നിഷാമും, 16 റൺസ് എന്ന സൂപ്പർ ഓവർ വിജയലക്ഷ്യം പിന്തുടർന്ന ന്യൂസിലൻഡിന്റെ പോരാളികളായി. അവസാന പന്തിൽ 2 റൺസ് നേടുകയെന്ന ലക്ഷ്യത്തിലെത്താതെ ഗുപ്റ്റിൽ റൺ ഔട്ട് ആകുകയായിരുന്നു. ഇതോടെ സൂപ്പർ ഓവറും സമനില ആകുകയും, കൂടുതൽ നേടിയ ബൗണ്ടറികളുടെ അടിസ്ഥാനത്തിൽ ഇംഗ്ലണ്ട് വേൾഡ് കപ്പ് സ്വന്തമാക്കുകയും ചെയ്തു.

ഓസ്ട്രേലിയക്കെതിരായ സെമിഫൈനൽ മത്സരത്തിൽ 102 പന്തുകൾ ബാക്കിനിൽക്കെ, 2 വിക്കറ്റ് നഷ്ടത്തിൽ അനായാസവിജയം നേടിയ ഇംഗ്ലണ്ടിന് ഫൈനലിൽ ശരിക്കും വിയർത്തുകളിക്കേണ്ടിവന്നു.

ഇംഗ്ലണ്ടിനെതിരായ ലോകകപ്പ് മത്സരത്തിൽ സമ്മർദ്ദത്തിനു വഴങ്ങാതെ മികച്ച ബാറ്റിംഗിലൂടെ സെഞ്ചുറി നേടിയ ബംഗ്ലാദേശിന്റെ ഷാകിബ് അൽ ഹസൻ, കൃത്യതയാർന്ന പന്തുകൾ മികച്ച സ്പീഡ് വേരിയേഷനിൽ എറിയാനുള്ള തന്റെ കഴിവ് ഒരിക്കൽ കൂടി തെളിയിച്ച ലോക ഒന്നാം നമ്പർ ബൗളർ ബുംറ എന്നിവരുടെ പ്രകടനം ലോകകപ്പിലെ അതുല്യ മുഹൂർത്തങ്ങളായിരുന്നു. അഫ്ഗാനിസ്ഥാനെതിരായ മത്സരത്തിൽ റാഷിദ് ഖാൻ ഉൾപ്പെടെയുള്ള ബൗളിംഗ് നിരക്കെതിരെ ഒറ്റ മത്സരത്തിൽ 17 സിക്സറുകൾ പറത്തിയ ഇംഗ്ലണ്ട് ക്യാപ്റ്റൻ എഡിൻ മോർഗൻ, ന്യൂസിലൻഡിനെതിരായ മറ്റൊരു മത്സരത്തിൽ 292 എന്ന വിജയലക്ഷ്യം പിന്തുടരവെ, വാലറ്റത്തെ കൂട്ടുപിടിച്ച് സെഞ്ചുറി നേടിയ ബ്രാത്ത് വൈറ്റ് തുടങ്ങിയവരും 2019 വേൾഡ് കപ്പിൽ തങ്ങളുടേതായ സ്ഥാനം നേടിയെടുത്തു. ന്യൂസിലൻഡിനെതിരായ സെമിഫൈനൽ മത്സരത്തിൽ 51 പന്തിൽ 77 റൺസ് നേടി ഇന്ത്യയെ മത്സരത്തിലേക്ക് തിരിച്ചുകൊണ്ടുവന്ന രവന്ദ്ര ജഡേജയും ഇന്ത്യൻ നിരയിൽ ശ്രദ്ധിക്കപ്പെട്ടു.

അനായാസ വിജയം എന്നു തോന്നിച്ച, അഫ്ഗാനിസ്ഥാനെതിരായ ഇന്ത്യൻ മത്സരത്തിന്റെ വിജയഫലം, അവസാന ഓവർ വരെ തുലാസിൽ നിറുത്തിയ അഫ്ഗാനിസ്ഥാൻ നിരയും ശ്രദ്ധേയരായി. ഇന്ത്യൻബാറ്റിംഗ് നിരയെ 224 എന്ന സ്കോറിൽ പിടിച്ചുനിറുത്തുവാൻ അവർക്കായി. അവസാന 4 പന്തിൽ 12 റൺസ് ആവശ്യമായിരിക്കെ, മുഹമ്മദ് ഷമിയുടെ ഹാട്രിക് ഈ മത്സരത്തിൽ ഇന്ത്യൻ വിജയത്തിന് വഴിയൊരുക്കി.

സെമിഫൈനലിൽ ആദ്യ 14 റൺസ് എടുക്കുന്നതിനിടെ 3 വിക്കറ്റ് നഷ്ടപ്പെട്ട ഓസ്ട്രേലിയ, ഇന്ത്യയുടെ സെമിഫൈനൽ ഇന്നിംഗ്സിന്റെ സമാന മാതൃക പിന്തുടരുന്നതുപോലെ തോന്നിപ്പിച്ചെങ്കിലും, സ്റ്റീവ് സ്മിത്തിന്റെ ബാറ്റിംഗ് മികവിൽ ഭേദപ്പെട്ട സ്കോറിലേക്ക് എത്തുകയായിരുന്നു. മുമ്പ് സൂചിപ്പിച്ചതുപോലെ, മറുപടി ബാറ്റിംഗിനിറങ്ങിയ ഇംഗ്ലണ്ട്, ഓസ്ട്രേലിയ ഉയർത്തിയ 226 റൺസ് എന്ന വിജയലക്ഷ്യം പിന്തുടർന്ന് അനായാസം ഫൈനലിൽ പ്രവേശിച്ചു.

**കൃത്യതയാർന്ന പന്തുകൾ മികച്ച സ്പീഡ് വേരിയേഷനിൽ എറിയാനുള്ള തന്റെ കഴിവ് ഒരിക്കൽ കൂടി തെളിയിച്ച ലോക ഒന്നാം നമ്പർ ബൗളർ ബുംറയുടെ പ്രകടനം ലോകകപ്പിലെ അതുല്യ മുഹൂർത്തങ്ങളായിരുന്നു.**




*ലോക ഒന്നാം നമ്പർ ബൗളർ ബുംറയുടെ പ്രകടനം.*

ഇന്ത്യ-ന്യൂസിലൻഡ് സെമിഫൈനൽ മത്സരത്തിൽ മുൻനിര ബാറ്റ്സ്മാൻമാരുടെ തുടർച്ചയായ വിക്കറ്റ് നഷ്ടവും, ഇംഗ്ലണ്ടിന്റെ ബെൻ സ്റ്റോക്കിനെപോലെ ഫോമിലുള്ള ഒരു താരത്തിന്റെ അഭാവവുമാണ് ഇന്ത്യക്ക് വിനയായത്.

പോയിന്റ് ടേബിളിൽ ഒന്നാമതെത്തി സെമിയിൽ പ്രവേശിച്ച ഇന്ത്യ, ഫൈനലിൽ കയറുമെന്നു കണക്കുകൂട്ടിയ ആരാധകർ ഏറെയുണ്ട്. എങ്കിലും മികച്ച ഒരു ലോകകപ്പ് ഫൈനലിനായിരുന്നു ഇക്കുറി ഇംഗ്ലണ്ടിലെ ലോർഡ്സ് ക്രിക്കറ്റ് സ്റ്റേഡിയം വേദിയായത് എന്നു പറയാതെ വയ്യ. സ്വന്തം നാട്ടിലെ ലോകകപ്പ് മത്സരത്തിൽ കപ്പുയർത്താനായത്, ഇംഗ്ലണ്ട് ആരാധകരെ ആവേശം കൊള്ളിച്ചു. ന്യൂസിലൻഡ് ടീമും 2019 ലോകകപ്പിന് അവകാശികളാണെന്ന തർക്കം പല തലങ്ങളിലും നടക്കുന്നുണ്ട്.

# എഴുത്തും കുത്തും



സാഹിത്യമാസികകളിൽ പ്രസിദ്ധീകരിക്കുന്ന രചനകളെ വിലയിരുത്തുന്ന പംക്തിയാണ് എഴുത്തും കുത്തും. വാരികകളിലും ദ്വൈവാരികകളിലും പ്രകാശിതമാകുന്ന രചനകൾ ഇവിടെ ഉൾപ്പെടുത്തുന്നില്ല. പ്രചാരം വർധിപ്പിക്കുന്നതിനും നിലനിൽപ്പിനും പ്രയാസപ്പെടുന്നവയാണ് മാസികകളിൽ അധികവും. ശ്രദ്ധിക്കപ്പെടേണ്ടുന്ന രചനകൾ ഈ മാസികകളിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതേക്കുറിച്ചുള്ള സൂചനകൾ സഹൃദയസമക്ഷം അവതരിപ്പിക്കുകയാണ് ഈ പംക്തിയുടെ ലക്ഷ്യം.




സി.ആർ.രാജൻ

പലസ്തീൻ എഴുത്തുകാരി സന ശഅലാൻ രചിച്ച അറബ് കഥ 'കന്യകയുടെ കുളിപ്പുര' ജൂലൈ ലക്കം ശാന്തം മാസികയിൽ ഉണ്ട്. അറബിയിൽനിന്നും സഹദ് അലി നേരിട്ട് വിവർത്തനം നിർവഹിച്ചതാണ് ഈ കഥ.

പോയകാലത്തിന്റെ സ്മരണകളുർത്തുന്ന സൗധബിംബങ്ങൾ കാൻവാസിൽ വരഞ്ഞു വെക്കുന്ന ഒരാൾ. വ്യത്യസ്തങ്ങളായ അനേകം ചിത്രങ്ങൾ അയാൾ വരഞ്ഞിട്ടുണ്ട്. കന്യകയുടെ കുളിപ്പുര എന്ന ചിത്രരചന തുടങ്ങിയതോടെ, അതുവിട്ട് മറ്റൊന്നിലേക്കും ശ്രദ്ധതിരിക്കാൻ അയാൾക്കാകുന്നില്ല. കുളിപ്പുരയിലെ കന്യകയുടെ ചിത്രങ്ങൾ, നിരവധി കോണുകളിലൂടെ നോക്കിക്കണ്ട് വരക്കുന്നതിന്, മനോനില തെറ്റിയ ഒരുവളാണ് ചിത്രകാരന് മോഡലാകുന്നത്. ഇങ്ങനെ അസാധാരണമായി പറഞ്ഞുപോകുന്ന കഥ, പാരായണക്ഷമമാണെന്നു മാത്രമല്ല, വായിച്ചിരിക്കേണ്ടതുമാണ്.

ശാന്തം മാസികയുടെ പുതിയ ലക്കത്തിൽ കവിതകൾക്ക് പ്രാധാന്യം കൊടുത്തിട്ടുണ്ട്. ദേശമംഗലം രാമകൃഷ്ണൻ, പി.കെ.ഗോപി, രാജൻ കൈലാസ്, സതീഷ് ചേലാട്ട്, കാർത്തിക് കെ., കവിത എസ്.കെ, കെ.എം.റഷീദ് എന്നിവരുടെ കവിതകൾ ജൂലൈ ലക്കത്തിലുണ്ട്. മലയാളത്തിന്റെ പ്രിയ കഥാകാരൻ വൈക്കം മുഹമ്മദ് ബഷീറിനെ കുറിച്ചാണ് കവർ സ്റ്റോറി. കലയിലെ കലാപകാരി എന്ന പേരിൽ ഗിരീഷ് കർണാടിന്റെ അപൂർവ്വ ചിത്രത്തോടുകൂടിയ 'ഓർമ്മ'യും ശാന്തം മാസികയിലുണ്ട്.

എഴുത്ത് മാസികയുടെ ജൂലൈ ലക്കത്തിന്റെ പ്രധാന ആകർഷണം, 'എഴുത്തും ജീവിതവും'



*വൈക്കം മുഹമ്മദ് ബഷീർ*



*ബാലചന്ദ്രൻ ചുള്ളിക്കാട്*



*ഗിരീഷ് കർണാട്, സുനിൽ പി. ഇളയിടം, ഡോ. ഇ. സന്ധ്യ, വി.കെ.ശ്രീരാമൻ*

എന്ന സി.വി.ബാലകൃഷ്ണന്റെ കുറിപ്പാണ്. ബൈബിളിലൂടെയുള്ള സ്നേഹസഞ്ചാരമാണ് ബാലകൃഷ്ണൻ വിവരിച്ചിട്ടുള്ളത്. 'ഞാൻ ആരാധിച്ചിട്ടുള്ളത് ക്രിസ്തുവിനെ' എന്ന തുറന്നു പറച്ചിലും ഈ ജീവിതരേഖയിൽ വായിക്കാം.

സുനിൽ പി. ഇളയിടം, വി.കെ.ശ്രീരാമൻ, റോഷ്നി സ്വപ്ന, എം.കൃഷ്ണൻ നമ്പൂതിരി എന്നിവരുടെ പംക്തികൾ നൽകുന്ന അവിയൽ രുചിക്കൂട്ട് എഴുത്ത് മാസികയ്ക്ക് സ്വാദേറെ നൽകുന്നുണ്ട്. കെ.എസ്.രതീഷിന്റെ കെ.എൻ.എച്ച്. 0326 എന്ന കഥയും ഉൾപ്പെടുത്തിയിട്ടുണ്ട്.



*ഗ്രേസി, ദേശമംഗലം രാമകൃഷ്ണൻ, പി.കെ.ഗോപി*

പ്രളയവും പ്രളയാനന്തര ദുഷ്കരജീവിതങ്ങളും ജൂലൈ ലക്കം മൂല്യശ്രുതി മാസികയിൽ ഹൃദയ സ്പർശിയായി ചിത്രീകരിച്ചിട്ടുണ്ട്. പ്രളയക്കെടുതികളെക്കുറിച്ച് ഗ്രേസി എഴുതിയ 'ശ്രാദ്ധം' എന്ന മുഖക്കുറിപ്പിൽ തുടങ്ങി, രാജേഷ് ചിറപ്പാടിന്റെ അനുഭവക്കുറിപ്പും ഡോ. കെ.ജി.താരയുടെ അവലോകനവും ജോൺ പെരുവന്താനം എഴുതിയ പ്രളയവും പരിസ്ഥിതിയും സംബന്ധിച്ച ലേഖനവും പ്രളയചിത്രങ്ങളുടെ നടുക്കുന്ന ഓർമ്മകളിലേക്ക് വായനക്കാരനെ നയിക്കുന്നവയാണ്. എം.കെ.ചന്ദ്രശേഖരന്റെ 'പ്രളയശേഷം' എന്ന കഥയും മാസികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

50 വർഷങ്ങൾക്കു മുമ്പ് ദേഹവിയോഗം സംഭവിച്ച അഭിനേത്രി മിസ് കുമാരിയുടെ അപൂർവ ഫോട്ടോകൾ ചേർത്തുള്ള ഓർമ്മലേഖനം ഹൃദയസ്പർശിയാണ്. ഗിരീഷ് കർണാട് സ്മരണയും ലതാ ലക്ഷ്മിയുടെ കഥയും മാസികയിലുണ്ട്.

മികച്ച കവിതകളുടെ രചയിതാവാണ് ഡോ. ഇ.സന്ധ്യ കഥാരചനയും തനിക്കു വഴങ്ങുമെന്ന് ഈ പ്രതിഭാശാലി പലപ്പോഴും തെളിയിച്ചിട്ടുണ്ട്. അതിനുദാഹരണമാണ് കഥ മാസിക ജൂലൈ ലക്കത്തിൽ അച്ചടിച്ചുവന്ന 'വയലറ്റ്' എന്ന ചെറുകഥ.

സ്വസ്ഥജീവിതം നയിക്കുന്ന ഒരു കുടുംബിനി, താൻ അഭിരമിക്കുന്ന സാഹചര്യങ്ങളെ വെറുക്കാതെ തന്നെ, മറ്റൊരു പ്രണയം സ്വീകരിക്കുന്നു. തുടർന്നുള്ള ജീവിതകാലം മുഴുവൻ പുതിയ പ്രണയം നിലനിൽക്കുമെന്നുള്ള വിശ്വാസമൊന്നും അവൾക്കില്ല. ഒരു തിരിച്ചുപോക്ക് വേണ്ടിവന്നാൽ, ഉപേക്ഷിച്ചുപോകുന്ന ഗൃഹം തന്നെ സ്വീകരിക്കുമെന്നും അവൾക്കുറപ്പില്ല. എന്നിട്ടും പോകാനുറച്ചത്, താനാഗ്രഹിച്ചിരുന്ന യാത്രകളെ പ്രണയത്തിൽ ചാലിക്കുമ്പോൾ തുറന്നുകിട്ടിയ പുതുകാഴ്ചകളും അനുഭൂതികളും മറ്റെന്തിനും മേലെ തന്നെ സ്വാധീനിക്കുകയാലത്രേ. പെൺമനസ്സിന്റെ നേർനാരുകൾ ഇഴവിടർത്തുന്ന ശ്രമകരമായ ദൗത്യമാണ് കഥാകാരി ഇവിടെ നിർവഹിച്ചിട്ടുള്ളത്.

ഒന്നിപ്പ്, പരസ്പരം, യെസ് മലയാളം, സാംസ്കാരിക കമലദളം മാസികകളും പാരായണക്ഷമമാണ്.

## പേനയുടെ ഉപയോഗങ്ങൾ

പേനകൊണ്ട് ചൊറിയാം, കുത്താം, ചൊറിയും പോലെയും കുത്തും പോലെയും എഴുതുകയുമാവാം. ചൊറിച്ചിലുള്ള ചേമ്പിന്റെ 'കട്ട്' കളഞ്ഞ് വിദഗ്ധ പാചകക്കാരൻ ഊണുമേശയിലെത്തിക്കുംപോലെ, നിരപദ്രവമായി എഴുതി സ്വീകാര്യരായാൽ മതിയോ? പരസ്പരം ചൊറിഞ്ഞ് സുഖിപ്പിച്ചാൽ മതിയോ? പുരസ്കാരങ്ങളും പരസ്പരം സമ്മാനിക്കുന്ന ഏർപ്പാടുണ്ടെന്നു കേൾക്കുന്നു. പുരസ്കാരങ്ങൾ സ്വീകരിക്കാത്ത ബാലചന്ദ്രൻ ചുള്ളിക്കാട്, സാംസ്കാരിക നായകപട്ടം തനിക്കു ചേരില്ലെന്നും മലയാളിയുടെ അവിവേക ആക്രോശങ്ങൾക്ക് മറുപടി നൽകുന്നു. ഒരാളുടെ നീതിബോധം അങ്ങനെയും വെളിപ്പെടാം. ഉണ്ടും ഉറങ്ങിയും സ്നേഹിച്ചും മാത്രം കഴിയുന്നതിനേക്കാളെത്രയോ ഭേദമാണ് പരസ്പരം ചെളിയെറിയുന്നത്!

## സിനിമയിൽ

# വിജയിക്കുന്നത് ആരൊക്കെ

**ലോ**കമെമ്പാടും ഈ വർഷം പ്രദർശനത്തിനെത്തിയ സിനിമകളിൽ ഏറ്റവും കൂടുതൽ കളക്ഷൻ നേടിയത്, മാർവെൽ സ്റ്റുഡിയോസ് നിർമിച്ച, സൂപ്പർ ഹീറോ മൂവി 'അവഞ്ചേഴ്സ് എൻഡ് ഗെയിം' ആണ്. നിലവിൽ രണ്ടാം സ്ഥാനത്തുള്ള Marvel Studios ന്റെ തന്നെ 'Captain Marvel' Super Hero സിനിമയുടെ ലോകമെമ്പാടുമുള്ള gross-ന്റെ ഇരട്ടിയേക്കാൾ കൂടുതലാണ് 'Avengers End Game' -ന്റേത്. Super Hero's നിടയിൽ Super Hero ആയെത്തിയ Captain Marvel, എതിരാളിക്ക് കീഴ്പ്പെടുത്താനാവാത്തതോ? എന്ന ചോദ്യമാണ് Captain Marvel Film ബാക്കിവച്ചത്. അതിന് 'Power Stone' എന്ന ഏറെ സ്വീകാര്യത നേടിയ മറുപടിയാണ് 'End Game'ൽ ഒരുക്കിയത്.



*ലൂസിഫറിൽ മോഹൻലാൽ, മഞ്ജു വാര്യർ, ഇന്ദ്രജിത്ത് എന്നിവർ*

ലോകമെമ്പാടുമുള്ള Iron Man ആരാധകരുടെ മനസ്സുകളിൽ Spider Man-ന്റെ വേഷപ്പകർച്ച എത്രത്തോളം അഭികാമ്യമാക്കാൻ സാധിക്കുമെന്ന ചോദ്യം ബാക്കിവെച്ച 'End Game' സിനിമക്ക്, ആർക്കും മറ്റൊരാളുടെ അതേ സ്ഥാനം അതുപോലെതന്നെ നികത്താനാവില്ല എന്ന സന്ദേശമാണ് Jon Watts, Spider Man far from Home എന്ന സിനിമയിൽ നൽകിയത്. Spiderman എന്ന സ്വശൈലികൾ നിലനിർത്തിക്കൊണ്ടുതന്നെ പ്രേക്ഷകരിൽ Iron Man സാന്നിധ്യം, സിനിമയുടെ വിവിധ രംഗങ്ങളിൽ എത്തിക്കാൻ അണിയറയിൽ ഏറെ പ്രയത്നം നടന്നിട്ടുണ്ട് എന്നു മനസിലാക്കാം. ഈ മൂന്ന് Highest Gross സിനിമകൾക്കൊപ്പം Walt Disney Pictures നിർമിച്ച Aladdinനും പട്ടികയിൽ ഇടംപിടിച്ചു. American Actor Will Smith, Genie-യുടെ വേഷത്തിലെത്തിയ Alladin സിനിമ, സ്വപ്നങ്ങളിലെന്നപോലെ അലാവുദീൻ കഥയിലെ Visualലുകൾ Big Screen-ൽ സാക്ഷാത്കരിച്ചു. പതിവിൽനിന്ന് വ്യത്യസ്തമായി ഈ Hollywood സിനിമയിൽ കഥക്കൊപ്പം ഗാനരംഗങ്ങൾ കോർത്തിണക്കിയതും സിനിമയിൽ അഭിനയിച്ച 'Mena Massoud', 'Naomi Scott' എന്നീ യുവതാരങ്ങൾ വലിയ പ്രേക്ഷകശ്രദ്ധ ആകർഷിച്ചതും ശ്രദ്ധേയമായി.

മറുവശത്ത് അഭിമാന കേരളത്തിന്റെ Mollywood ലെത്തുമ്പോൾ Visakh, പുലിമുരുകൻ സിനിമയിലൂടെ തീർത്ത കേരളത്തിന്റെ എക്കാലത്തേയും മികച്ച Collection record ആശീർവാദ് സിനിമാസിന്റെ Luficer മറികടന്നതും ശ്രദ്ധിക്കപ്പെട്ടു. പൃഥിരാജ് സുകുമാരനാണ് ചിത്രത്തിന്റെ സംവിധായകൻ.

## പുതിയ റിലീസുകൾ

* **18-ാം പടി:** ശങ്കർ രാമകൃഷ്ണന്റെ പതിനെട്ടാംപടി പ്രദർശനത്തിന് തയാറായി. പുതുമുഖങ്ങളുടെ നീണ്ട നിര ഈ ചിത്രത്തെ വ്യത്യസ്തമാക്കുന്നു. മമ്മൂട്ടി, പൃഥിരാജ്, ഉണ്ണിമുകുന്ദൻ എന്നീ മുൻനിര താരങ്ങളുടെ സാ

ന്നിധ്യം ഈ ചിത്രത്തിന് വലിയ പ്രതീക്ഷനൽകുന്നു.

* **കോളാമ്പി:** ടി.കെ. രാജീവ്കുമാർ സംവിധാനം നിർവഹിച്ച ചിത്രമാണ് കോളാമ്പി. രൺജിപണിക്കരും നിത്യമേനോനും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. പരീക്ഷണചിത്രങ്ങളൊരുക്കുന്നതിൽ തൽപ്പരനാണ് ടി.കെ.രാജീവ്കുമാർ. പുതിയ ചിത്രവും ഈ പാതയിൽ തന്നെയാണെന്ന് ടീസർ സൂചനകൾ നൽകുന്നു. സോഷ്യൽ മീഡിയയിൽ ഏറെ ചർച്ചചെയ്യപ്പെടുന്നുണ്ട് കോളാമ്പി.

***മാർക്കോണി മത്തായി:** ജയറാം, വിജയ് സേതുപതി എന്നിവർ യോജിക്കുന്ന മലയാള ചിത്രമാണ് മാർക്കോണി മത്തായി. ആത്മീയ രാജൻ, നരേൻ, അജു വർഗീസ്, സിദ്ധാർഥ് ശിവ, സുധീർ കരമന, ജോയ് മാത്യു തുടങ്ങിയ താരനിര ഈ ചിത്രത്തിൽ അണിനിരക്കുന്നുണ്ട്.

***ഫാൻസി ഡ്രസ്:** ഗിന്നസ് പക്രുവിനെയും ഹരീഷ് കണാരനെയും മുഖ്യകഥാപാത്രങ്ങളാക്കി രഞ്ജിത്ത് സ്കറിയ സംവിധാനം ചെയ്യുന്ന ഫാൻസി ഡ്രസ് പ്രദർശനത്തിന് തയാറായി.

***എടക്കാട് ബറ്റാലിയൻ 06:** റൂബി ഫിലിംസിന്റെ ബാനറിൽ സ്വപ്നേഷ് നായർ സംവിധാനം നിർവഹിച്ച ചിത്രമാണ് എടക്കാട് ബറ്റാലിയൻ. മുഖ്യകഥാപാത്രത്തെ ടൊവിനോ അവതരിപ്പിക്കുന്നു.

* **അനുഗ്രഹീതൻ ആന്റണി:** സണ്ണി വയ്നെ നായകനാക്കി പ്രിൻസ് ജോയി സംവിധാനം ചെയ്യുന്ന ചിത്രമാണ് അനുഗ്രഹീതൻ ആന്റണി. ചിത്രീകരണം പൂർത്തിയായ ചിത്രം പ്രദർശനത്തിന് തയാറെടുക്കുന്നു.

* **ശുഭരാത്രി:** വ്യാസൻ കെ.പി തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ചിത്രമാണ് ശുഭരാത്രി. ദിലീപ്, അനുസിതാര എന്നിവർ മുഖ്യകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

* **പച്ചമാങ്ങ:** പ്രതാപ് പോത്തനും സോനയും പ്രധാന വേഷത്തിൽ എത്തുന്ന പച്ചമാങ്ങ പ്രദർശനത്തിന് ഒരുങ്ങുന്നു.



*ഡിസ്നിയുടെ അലാദിൻ സിനിമയിൽനിന്നും.*



*അവഞ്ചേഴ്സ്: എൻഡ് ഗെയിം ചിത്രത്തിൽ നിന്നും*

## കാലൻ പോക്കര്

2018ലെ മികച്ച ടെലിഫിലിമിനുള്ള സംസ്ഥാന ടെലിവിഷൻ പുരസ്കാരം നേടിയ ഹ്രസ്വ ചിത്രമാണ് കാലൻ പോക്കർ.

ഒരു കാലഘട്ടത്തിൽ ചിറമനങ്ങാട് ഗ്രാമത്തിന്റെ ശബ്ദവും വെളിച്ചവുമായിരുന്നു പോക്കര് എന്ന അബൂബക്കർ നടത്തിവന്നിരുന്ന 'ഇശൽ ലൈറ്റ് ആൻഡ് സൗണ്ട്'. പിന്നീട് കാലത്തിന്റെ മലവെള്ളപ്പാച്ചിലിൽ മാറിവന്ന സാങ്കേതികത്വത്തിനൊപ്പിച്ച് പിടിച്ച് നിൽക്കാനാകാതെ കിതച്ചുനിന്ന പോക്കര് തന്റെ ഉച്ചഭാഷിണിയും മറ്റും വീടിന്റെ മച്ചിലുപേക്ഷിച്ചു.

ഇന്ന് ഗ്രാമത്തിൽ പോക്കരിന്റെ നിയോഗം മറ്റൊന്നാണ്. തന്റെ സമുദായത്തിലെ ഏതൊരു മരണവും മഹല്ലിലാകെ വിളിച്ചറിയിക്കുക എന്നതാണ് അത്. അതിനയാൾക്ക് ഒരിക്കൽ താൻ മച്ചിലുപേക്ഷിച്ച ഉച്ചഭാഷണിയിും മറ്റും സഹായകമായി.

തുടർന്ന് ഒരു നിയോഗംപോലെ ആദ്യം മരിപ്പറിയിപ്പും പിന്നീട് ഖബർ കുഴിക്കലും പോക്കരിന്റെ ജീവിതോപാധി കൂടിയായി മാറി. എന്തിനേറെ മരണാസന്നനായ ഒരാൾ എപ്പോൾ മരിക്കുമെന്ന് പോലും പ്രവചിക്കാൻ കഴിയുന്ന തരത്തിൽ പോക്കര് മരണത്തിന്റെ പ്രവാചകനായി. അങ്ങിനെ പോക്കര് 'കാലൻ പോക്കരായി'.

ഒരുനാൾ മരണം തന്നെയും കീഴ്പ്പെടുത്തുമെന്ന് ഉറപ്പിച്ച പോക്കർ, തന്റെ ചരമ അറിയിപ്പ് റെക്കോർഡ് ചെയ്ത് വിടവാങ്ങുന്നു. 19 മിനിറ്റുകൾക്കുള്ളിൽ സംവേദനക്ഷമമാക്കിയ ഒരു മികച്ച ചിത്രം തന്നെയാണ് കാലൻ പോക്കര്. പോക്കരെ അവതരിപ്പിച്ച സുനിൽ സുഖദ, തന്റെ അഭിനയമികവ് ഒരിക്കൽകൂടി തെളിയിച്ചു. രചനയും സംവിധാനവും നിർവഹിച്ചിരിക്കുന്നത് ബിൻസാദ് ആണ്.

അവധൂതൻ

# പ്രതിപക്ഷമില്ലെങ്കിൽ



സ്വാതന്ത്ര്യലബ്ധിയുടെ എഴുപത്തിരണ്ടാം വർഷം അധികാരമേറ്റ നരേന്ദ്രമോദി സർക്കാർ ഇനി ഒരഞ്ചു വർഷം മൃഗീയഭൂരിപക്ഷത്തോടെ നാടു ഭരിക്കും. പ്രഖ്യാപിതവും അല്ലാത്തതുമായ നയങ്ങളത്രയും നടപ്പാക്കാൻ മോദി സർക്കാരിന് ചെറിയ തടസം ഇനി രാജ്യസഭയിൽ മാത്രം. അടുത്തുവരുന്ന നിയമസഭാ തെരഞ്ഞെടുപ്പുകൾ കൂടി കഴിയുമ്പോൾ, രാജ്യസഭയിലും ഭൂരിപക്ഷമുണ്ടാക്കാൻ സാധിക്കുമെന്ന് ബി.ജെ.പി മാനേജർമാർ കണക്കുകൂട്ടുന്നു.

പ്രബലമായ പ്രതിപക്ഷം ഇല്ലാത്ത അവസ്ഥ, ഭരണയന്ത്രത്തിന്റെ പ്രവർത്തനത്തിൽ നിയന്ത്രണമറ്റ സ്ഥിതിവരുത്തുമോ എന്നു ചിലരെങ്കിലും ആകുലപ്പെടുന്നുണ്ട്. രാജ്യത്തെ പ്രമുഖ പ്രതിപക്ഷ കക്ഷി, നേതാവില്ലാതെ ആടിതകരുന്നതും വേദനപകരുന്ന കാഴ്ച.

ഒരു സെക്കുലർ രാഷ്ട്രത്തിന്റെ അടിസ്ഥാനശിലകളായ സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും നിലനിറുത്തുവാൻ പ്രബലമായ രാഷ്ട്രീയനിര പ്രതിപക്ഷത്തുണ്ടാകേണ്ടതുണ്ട്. വ്യക്തിയേക്കാളുപരിയാണ് പാർട്ടിയെന്ന തിരിച്ചറിവ് യുവനേതൃത്വത്തിനുണ്ടെങ്കിലും അവർക്ക് കടന്നുചെല്ലുന്നതിനുള്ള വാതിലുകൾ തുറക്കപ്പെടുന്നില്ല. അതിലുള്ള പ്രതിഷേധം കൂടിയാണ്, കോൺഗ്രസ് അധ്യക്ഷസ്ഥാനത്തുനിന്നുള്ള രാഹുൽ ഗാന്ധിയുടെ രാജിയിലൂടെ വെളിപ്പെടുന്നത്. അതു തിരിച്ചറിഞ്ഞിട്ടും ഇരിപ്പിടം വിട്ടിറങ്ങുവാനും യുവനേതൃത്വത്തെ മുൻനിരയിലെത്തിക്കാനും, പ്രായാധിക്യത്താൽ കാഴ്ചപോലും നഷ്ടപ്പെട്ടു തുടങ്ങിയ താപ്പാന നേതൃത്വം തയാറാകുന്നില്ല.

ഇത്തരക്കാരെ ഇറക്കിവിടുവാൻ രാഹുൽഗാന്ധിയുടെ കുലീനത്വം സമ്മതിക്കുന്നില്ലെന്നും വ്യക്തം. കസേരവിട്ടാൽ തങ്ങൾ പിന്നെ ഒന്നുമല്ലെന്ന വ്യാകുലചിന്തയിൽനിന്നും കോൺഗ്രസിന്റെ വൃദ്ധനേതൃത്വം പുറത്തു കടക്കേണ്ടതുണ്ട്. അവരെന്നും രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി യത്നിച്ചവരാണെന്ന് തിരിച്ചറിയുന്ന ജനതയാണ് ഭാരതത്തിലേത്. ഈ ആദരവ് ജനമനസ്സിൽ എന്നുമുണ്ടാകും. പിന്നെന്തിന് ഭയന്ന്, കസേര പുണർന്ന് ജീവിക്കണം? ഒരു പാർട്ടിയാണ് ഇതിന്റെ പേരിൽ നാമാവിശേഷമാകുന്നതെന്ന് വൈകിയ വേളയിലെങ്കിലും തിരിച്ചറിയുക, തെറ്റുതിരുത്തുക.

